അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(i) 2018-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

ശ്രീ. റ്റി. വി. രാജേഷ്: സർ, 2018ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ആരാധനാലയങ്ങളിൽ വിശ്വാസികൾക്ക് നിർഭയവും

സുരക്ഷിതവുമായ അന്തരീക്ഷം നിലനിർത്തുക, ആരാധനാലയങ്ങളോട് അനുബന്ധിച്ച് നടക്കുന്ന മത-രാഷ്ട്രീയ-സംഘടനാ പ്രവർത്തനങ്ങൾമൂലം സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ തടയുക എന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് സ്വകാര്യ ബില്ലിന് ബഹുമാനപ്പെട്ട അംഗം ശ്രീ. റ്റി. വി. രാജേഷ് നോട്ടീസ് നൽകിയിട്ടുള്ളത്. അത് ഗവൺമെന്റ് സമ്മതിക്കുന്നു. ബില്ലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളോട് സർക്കാരിന് തത്വത്തിൽ യോജിപ്പാണുള്ളത്. 2011-ലെ കേരള പോലീസ് ആക്റ്റിന്റെ കീഴിൽ ചട്ടങ്ങൾ രൂപീകരിച്ച് ആരാധനാലയങ്ങളിലെ ആയുധ-കായിക പരിശീലനം തടയുന്ന നടപടി പുരോഗമിച്ചുവരികയാണ്. ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബില്ലിന്റെ വ്യാപ്തി കുറേക്കൂടി വിപുലമാണ്. ഒരു നിയമ നിർമ്മാണത്തിലൂടെ ബില്ലിന്റെ അവതാരകൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നല്ലനിലയിൽ എങ്ങനെ നടപ്പിലാക്കാമെന്നത് സർക്കാർ ഗൗരവമായി പരിഗണിക്കും. കേരളത്തിൽ പ്രവർത്തിച്ചുവരുന്ന നിയമപരിഷ്കരണ കമ്മീഷന്റെ അഭിപ്രായങ്ങളും ഈ കാര്യത്തിൽ പ്രസക്തമായിരിക്കുമെന്ന് കരുതുന്നു. അങ്ങയുടെ ബില്ല് കുറേക്കൂടി വിപുലമായി അവതരിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ പാസ്സാക്കേണ്ടതില്ലെന്നാണ് എം.എൽ.എ.-യോട് അഭ്യർത്ഥിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: അങ്ങയുടെ ഉദ്യമത്തെ സർക്കാർ അംഗീകരിച്ചിരിക്കുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി

ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊള്ളാൻ തയ്യാറായ സംസ്ഥാന സർക്കാരിനെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. മാനവികതയ്ക്കും ബഹുസ്വരതയ്ക്കും കേളികേട്ട നാടാണ് കേരളം. വ്യത്യസ്ത ജാതി-മത-സാമുദായിക സംഘടനകളുടെ കീഴിൽ ധാരാളം ആരാധനാലയങ്ങൾ കേരളത്തിലുണ്ട്. അവരവരുടെ ആചാരാനുഷ്ഠാനങ്ങൾ ഭംഗിയായും ഭംഗം വരാതെയും നടന്നുവരുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. വിവിധ മതസ്ഥർ ഒന്നിച്ചുചേർന്നുള്ള ആരാധന കേന്ദ്രങ്ങളും ആഘോഷങ്ങളും നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതയാണ്. ആരാധനാലയങ്ങൾ നോക്കിയാൽ അവ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റേതായിരിക്കും. പക്ഷെ അവിടുത്തെ ഉത്സവങ്ങൾ, നേർച്ചകൾ, ഉറൂസുകൾ, പെരുനാളുകൾ എന്നിവയിലെല്ലാം എല്ലാ വിഭാഗക്കാരും പങ്കെടുത്ത് അവരുടെ സഹനത്തോടുകൂടിയാണ് നടന്നുവരുന്നത്. ഇതര മതസ്ഥരുടെയും ഇതര വിഭാഗങ്ങളുടെയും സർവ്വാത്മനാ സഹകരണം കൊണ്ടാണ് ഇത്തരം കാര്യങ്ങൾ ഭംഗിയായി നടക്കുന്നുവെന്നത് ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. ബീമാപള്ളിയിലെ ചന്ദനകുടം നേർച്ചയിൽ മുസ്ലീം ജനവിഭാഗത്തിൽപ്പെടുന്നവർ മാത്രമല്ല ഇതര മത വിഭാഗത്തിൽപ്പെടുന്നവരും പങ്കെടുക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഒരുപാട് ഉദാഹരണങ്ങൾ കേരളത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. ഏതാണ്ട് ഒരേ സ്ഥലത്ത് പ്രധാനപ്പെട്ട മൂന്ന് മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം മത സമന്വയത്തിന്റെയും

മത സൗഹാർദ്ദത്തിന്റെയും ഏറ്റവും നല്ല പ്രതീകമായി ഉയർത്തിക്കാണിക്കാൻ കഴിയുന്ന ഒന്നാണ്. പക്ഷെ അടുത്തകാലത്തായി സമാധാനവും സൗഹാർദ്ദവുമായ അന്തരീക്ഷം നിലനിന്നിരുന്ന നമ്മുടെ ആരാധനാലയങ്ങളെ ദുരുപയോഗം ചെയ്യാനായി ചില മതവർഗ്ഗീയ തീവ്രവാദ സംഘടനകൾ പല തന്ത്രങ്ങളും പ്രയോഗിച്ചുവരികയാണ്. വിശ്വാസത്തിന്റെ പേരിൽ തങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഇവർ ആരാധനാലയങ്ങളെ മറയാക്കി സംരക്ഷണ സമിതികളും മറ്റുമുണ്ടാക്കി ആരാധനാലയങ്ങളോടനുബന്ധിച്ച് ഓഫീസും മറ്റു കേന്ദ്രങ്ങളും സ്ഥാപിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നതായി കാണാൻ കഴിയും. ഇത് ആരാധനാലയങ്ങളുടെ ആത്മീയാന്തരീക്ഷവും നാടിന്റെ സൗഹാർദ്ദവും സമാധാനവും തകർക്കാനിടയാകും. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നിലപാട് ഉണ്ടാകേണ്ടതുണ്ട്. അതുകൊണ്ടാണ് ഇത്തരത്തിലൊരു നിയമനിർമ്മാണം വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. നമ്മുടെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗത്തിന്റെ പ്രതിരൂപമാണ് ദേവാലയങ്ങൾ. ഭൂമിയിലെ ദൈവത്തിന്റെ വാസസ്ഥലമാണ് ദേവാലയങ്ങൾ. ആ ദേവാലയങ്ങളെ പിശാചിന്റെ കൂടാരമാക്കി മാറ്റാനാണ് ചിലർ ശ്രമിക്കുന്നത്. അത് അനുവദിക്കാൻ പാടില്ല. അതിനെതിരായി ശക്തമായ നിലപാടുണ്ടാകണം. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത നിലയിൽ രാഷ്ട്രീയാധികാരത്തിനുവേണ്ടി ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തുന്ന

സന്ദർഭം കൂടിയാണിത്. ആരാധനാലയങ്ങൾ ഏത് വിഭാഗത്തിന്റേതുമാകട്ടെ, അവയെ മതവിദ്വേഷ പ്രചരണ കേന്ദ്രമാക്കി മാറ്റാനാണ് ഇത്തരം ശക്തികൾ ശ്രമിക്കുന്നത്. ആർ.എസ്.എസ്.പോലുള്ള സംഘടനകളുടെ പ്രഖ്യാപിതമായൊരു പരിപാടിയാണിത്. ദൗർഭാഗ്യകരമെന്നു പറയട്ടെ, കേന്ദ്രസർക്കാർ ഈ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുകയാണ്. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന വാർത്തകൾ വളരെയേറെ ഉൽകണ്ഠയുളവാക്കുന്നതാണ്. ക്ഷേത്രങ്ങളിൽ ആയുധ പരിശീലനത്തിന് കേന്ദ്ര മന്ത്രിമാർ നേതൃത്വം കൊടുക്കുന്നുവെന്ന വാർത്തകൾ മാധ്യമങ്ങളിൽ വരുന്നുണ്ട്. ഇതിന്റെ പിന്നിൽ കൃത്യമായ വർഗ്ഗീയ അജണ്ടയാണുള്ളത്. നമ്മുടെ നാട്ടിൽ ജാതിമത സങ്കുചിത ബോധം വളർത്തി അതിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ സംഘടനകളെ വളർത്തിയെടുക്കാനാണ് ഈ ശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാലയങ്ങളിൽ ഇടപെടുന്നതിനും അതുവഴി വിശ്വാസികളെ വഴിതെറ്റിക്കുന്നതിനും പ്രത്യേകമായ സംഘടകൾവരെ ആർ.എസ്.എസ്. പോലുള്ള സംഘടനകൾ ഉണ്ടാക്കിയിട്ടുണ്ട്. ക്ഷേത്ര സംരക്ഷണ സമിതി അതിനുദാഹരണമാണ്. വിശ്വഹിന്ദു പരിഷത്ത് ഒരു സാംസ്കാരിക സംഘടനയാണെന്നാണ് പറയുന്നത്. പക്ഷെ എന്ത് പ്രവർത്തനമാണ് അവർ നടത്തുന്നത്; മറയില്ലാത്ത വിഷലിപ്തമായ വർഗ്ഗീയ പ്രചരണമാണ് അവർ നടത്തുന്നത്. നമ്മുടെ സമൂഹത്തിൽ വളരെ

സൗഹാർദ്ദത്തോടെ കഴിയുന്ന വ്യത്യസ്ത മതവിഭാഗങ്ങളെ അകറ്റാനും അവർക്കിടയിൽ വിദ്വേഷം ഉണ്ടാക്കാനും അതുവഴി മുതലെടുപ്പ് നടത്താനുമാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല അവരുടെ പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള സാമ്പത്തിക സമാഹരണവും ഇതുവഴി അവർ നടത്തുന്നുണ്ട്. പ്രത്യക്ഷത്തിൽ ക്ഷേത്ര സംരക്ഷണ സമിതിയും ഇതുപോലുള്ള സാംസ്കാരിക സംഘടനകൾ എന്ന മേൽവിലാസത്തിൽ പ്രവർത്തിക്കുന്ന സംഘടനകളും നിഷ്പക്ഷമെന്ന് തോന്നാമെങ്കിലും അവർ മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയവും നിലപാടും കടുത്ത ഭീകരതയുടേതാണെന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇവർക്ക് വിദേശത്തുനിന്നും വലിയ തോതിൽ സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നു. ഇത് ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെ ഇടയിൽ മാത്രമല്ല ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും വ്യത്യസ്ത മതവിഭാഗങ്ങളിൽ ഇത്തരം സംഘടനകൾ വളരെ സജീവമാണ്. പല മേഖലകളിൽ നിന്നായി ഒഴുകിയെത്തുന്ന നിയമ വിധേയമായതും അല്ലാത്തതുമായ വൻ പണശേഖരമാണ് ഇവരുടെ പ്രവർത്തനങ്ങൾക്ക് പിൻബലമാകുന്നത്. മതവിദ്വേഷ പ്രചരണങ്ങളിലൂടെ ആളുകളെ തങ്ങളിലേയ്ക്ക് ആകർഷിക്കാനാണ് ഇത്തരം സംഘടനകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്നത്തെ ലോക പരിസ്ഥിതിയുമായി ചേർത്തുവേണം ഇത്തരം കാര്യങ്ങളെ കാണാൻ. ന്യൂനപക്ഷ ജന വിഭാഗങ്ങൾക്കിടയിൽ മതരാഷ്ട്രീയ മുദ്രാവാക്യം ഉയർന്നുവരുന്നുണ്ട്. അതും

നമുക്കിവിടെ വിശകലനം ചെയ്യേണ്ടതായിട്ടുണ്ട്. പ്രത്യക്ഷത്തിൽ ദേശദ്രോഹ വിവചിത മുദ്രാവാക്യങ്ങൾ മുഴക്കുന്ന ഇത്തരം സംഘടനകൾ സാമ്രാജ്യത്വ ശക്തികളുടെ കൈകളിലെ കളിപ്പാവകളുമാണ്. അതിന് ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. മതത്തിൽ ഇത്തരം ഭീകര വർഗ്ഗീയ പ്രവർത്തനങ്ങൾക്ക് സാധൂകരണം കണ്ടെത്താനാണ് ഇത്തരം ശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ മതവിഭാഗത്തിൽപ്പെട്ടവർക്കും ഒരു മതവിഭാഗത്തിൽപ്പെടാത്തവർക്കും ഐക്യത്തോടെ സഹിഷ്ണുതയോടെ ജീവിക്കാൻ കഴിയുന്ന സമൂഹമായി നമ്മുടെ കേരളം ഇനിയും തുടരണം. അതിന് ആരാധനാലയങ്ങൾ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്ന, ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാത്ത മതതീവ്രവാദ ശക്തികൾക്കെതിരായി ശക്തമായ നിലപാട് നമ്മുടെ സമൂഹത്തിൽ ഉയർന്നു വരേണ്ടതായിട്ടുണ്ട്. ജനങ്ങളെ ഭിന്നിപ്പിച്ച് അതുവഴി രാഷ്ട്രീയ അധികാരം നേടുകയെന്നുള്ളതാണ് ഇവരുടെ അജണ്ട. ഇത്തരം ഭീകര ജനവിരുദ്ധ ശക്തികളുടെ കൈകളിൽ ആരാധനാലയങ്ങൾ പെട്ടുപോകാതിരിക്കാൻ വിശ്വാസികൾക്കിടയിൽ ജാഗ്രതയുണ്ടാകണം. അതിന് പ്രാദേശികമായി കൂട്ടായ്മകൾ വേണം. അതുകൊണ്ടുമാത്രം ആപത്കരമായ ഈ പ്രണവതയെ നമുക്ക് ചെറുക്കാൻ കഴിയില്ല. ഈ ഭീഷണിയെ ഇല്ലാതാക്കാനാകില്ല. ആരാധനാലയങ്ങൾ കൂടുതൽ യാഥാസ്ഥിതികവൽക്കരിക്കാനുള്ള നീക്കങ്ങളാണ്

ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. മതമൈത്രിയുടെ നിലപാട് സ്വീകരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ നാട്ടിലെ ജനങ്ങൾ പൊതുവിൽ അത്തരം നിലപാടാണ് സ്വീകരിക്കുന്നത്. ഇത്തരത്തിലുള്ള ആളുകളെ തങ്ങളുടെ വരുതിയിൽ നിർത്താനുള്ള ഗൂഢശ്രമമാണ് ഇത്തരം ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്. മഹനീയമായ നമ്മുടെ നാടിന്റെ മതേതര പൈതൃകത്തെ വിള്ളൽ വീഴ്ത്താനുള്ള ആസൂത്രിതമായ, സംഘടിതമായ നീക്കമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്ത് രാഷ്ട്രീയ പാർട്ടികൾ മതസ്ഥാപനങ്ങളെ ദുരുപയോഗം ചെയ്യുന്നത് തടയാൻ ഫലപ്രദമായ നിയമം ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഒട്ടേറെ ദുരനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പഞ്ചാബിലെ അമൃത്സറിലെ സുവർണ്ണക്ഷേത്രത്തിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. സുവർണ്ണക്ഷേത്രത്തെ മറയാക്കി വിഘടന വിധ്വംസക പ്രവർത്തനം നടത്താനാണ് ഒരു ഭാഗം ആളുകൾ മുന്നോട്ടേയ്ക്ക് വന്നത്. ഇത്തരം നിരവധി അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ മതസ്ഥാപനങ്ങളെ നഗ്നമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി ദുരുപയോഗപ്പെടുത്തുന്ന സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ 1988-ൽ The Religious Institutions (Prevention of Misuse) Act കൊണ്ടുവന്നത്. രാഷ്ട്രീയാവശ്യത്തിനുവേണ്ടി ആരാധനാലയങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുകയെന്നതാണ് ഈ ആക്ടിന്റെ ലക്ഷ്യം. ഈ ആക്ട് നിലവിലുണ്ട്. അത് കേന്ദ്ര ആക്ടാണ്. 2015-ൽ പാർലമെന്റിൽ ഇന്ത്യൻ

നാഷണൽ ലോക് ദൾ (ഐ.എൻ.ഡി.എൽ) അംഗമായ ലോക്സഭാ എം.പി. ദുഷ്യന്ത് ചൗതാല ഈ നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നു. അതിൽ പരമാവധി ശിക്ഷ 5 വർഷമാണ്. ആ ഭേദഗതിയിലൂടെ അഞ്ച് വർഷമെന്ന ശിക്ഷയുടെ കാലപരിധി വർദ്ധിപ്പിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. അതിന് അദ്ദേഹത്തിന് ചില കാരണങ്ങൾ ഉണ്ടായിരുന്നു. ഗുർമീത് റാം എന്നുപറയുന്ന ഒരു ആൾദൈവത്തിന്റെ ആരാധനാലയത്തിൽ നിന്നാണ് ഈയടുത്തകാലത്ത് ഏറ്റവും വലിയ ആയുധശേഖരം കണ്ടെത്തിയത്. അദ്ദേഹത്തിന് 'തേരാ സച്ചാ സൗദാ' എന്നുപറയുന്ന പ്രത്യേകമായൊരു മതം തന്നെയുണ്ട്. പക്ഷെ ഇതിനുമുമ്പുതന്നെ ഇക്കാര്യങ്ങൾ മനസ്സിലാക്കിയിട്ടാണ് ഐ.എൻ.ഡി.എൽ. അംഗം പാർലമെന്റിൽ ഇത്തരത്തിൽ ഒരു ഭേദഗതി വേണമെന്നാവശ്യപ്പെട്ടത്. നമുക്കെല്ലാവർക്കും അവിടെ നടന്നിട്ടുള്ള കാര്യങ്ങൾ അറിയാം. അദ്ദേഹത്തെ അറസ്റ്റ് ചെയ്തപ്പോൾ ഒരു നഗരം തന്നെ വളരെ പെട്ടെന്ന് കത്തിച്ചാമ്പലാക്കാൻ കഴിയുന്ന അതീവ വിസ്ഫോടന ശേഷിയുള്ള ആയുധങ്ങളുടെ കുമ്പാരങ്ങളാണ് അവിടെ നിന്നും കണ്ടെത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നിലവിലുള്ള കേന്ദ്രനിയമം പലപ്പോഴും അപര്യാപ്തമാണെന്നാണ് ദുഷ്യന്ത് ചൗതാല ഒരു സ്വകാര്യ ബില്ലിലൂടെ പാർലമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. 1988-ലെ ആക്ടിൽ രാഷ്ട്രീയ പാർട്ടികൾ മതസ്ഥാപനങ്ങളെ ദുരുപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള

കാര്യങ്ങൾ വളരെ കൃത്യമായി പറയുന്നുണ്ട്. 'ആയുധങ്ങളും ആയുധങ്ങളുടെ ഉപയോഗവും പാടില്ല. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെ ഒരു കാരണവശാലും ഇത്തരം സ്ഥാപനങ്ങളിൽ സംരക്ഷിക്കാൻ പാടില്ല. അതോടൊപ്പം ഒരു മതസ്ഥാപനത്തിലും ഫോർട്ടിഫിക്കേഷൻ പാടില്ല. രാജ്യത്തിന്റെ പരമാധികാരത്തിനും ഐക്യത്തിനും വിഘാതമാകുന്ന പ്രവർത്തനം പ്രോൽസാഹിപ്പിക്കാൻ പാടില്ല' തുടങ്ങിയ കാര്യങ്ങളൊക്കെ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇന്ന് രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല പല സംഘടനകളും സാംസ്കാരിക സംഘടനകളുടെ ലേബലിലാണ് പ്രവർത്തിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങ് സമയക്രമം പാലിച്ചാൽ ഇന്ന് നാലഞ്ച് ബില്ലുകൾ കൂടി എടുക്കാൻ സാധിക്കും.

ശ്രീ. റ്റി. വി. രാജേഷ്: ഞാൻ ഉടൻ അവസാനിപ്പിക്കാം. ഞാൻ പ്രധാന പോയിന്റിലേയ്ക്ക് വരികയാണ്. നമ്മുടെ രാജ്യത്ത് നിരവധി വർഗ്ഗീയ കലാപങ്ങൾ സംഘടിപ്പിച്ച സംഘടനയാണ് ആർ.എസ്.എസ്. അത് ഒരു സാംസ്കാരിക സംഘടനയാണെന്നാണ് ആർ.എസ്.എസ് പറയുന്നത്. കേന്ദ്രനിയമം കൊണ്ടുമാത്രം ആർ.എസ്.എസ്. പോലെയുള്ള ഭീകരസംഘടനകളെ ശരിയായവിധം നിയന്ത്രിക്കാൻ കഴിയില്ല. ഇത്തരം പ്രവർത്തനങ്ങളിൽനിന്നും അവരെ തടയാൻ കഴിയില്ലെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ടാണ് ഈ കാര്യത്തിൽ ഒരു ശക്തമായ നിയമം സംസ്ഥാന ഗവൺമെന്റ് കൊണ്ടുവരണമെന്ന്

ആവശ്യപ്പെടുന്നത്. വർഗ്ഗീയ ഭീകരസംഘടനയാണ് ആർ.എസ്.എസ്. എന്ന് ഞാൻ പറഞ്ഞു. രാജ്യത്തെ നിരവധി വർഗ്ഗീയ കലാപങ്ങളിൽ ഇവരുടെ പങ്ക് ജുഡീഷ്യൽ കമ്മീഷനുകൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷതയെ, ജനാധിപത്യത്തെ വിലമതിക്കാത്ത ഇത്തരം സംഘടനകളെ നിയന്ത്രിക്കാൻ കഴിയണം. മാറാട് കലാപത്തെക്കുറിച്ച് ഇവിടെ കഴിഞ്ഞ ദിവസം ചർച്ച ചെയ്തിട്ടുള്ളതാണ്. ആ കലാപത്തെക്കുറിച്ച് അന്വേഷിച്ച തോമസ് പി. ജോസഫ് കമ്മീഷൻ എന്താ പറഞ്ഞത്? മാറാട് പള്ളിയിൽ മയ്യത്ത് കട്ടിലിന്റെ അടിയിൽ നിന്നും ബോംബും മറ്റ് നിരവധി ആയുധങ്ങളും കണ്ടെടുത്തുവെന്നും ഒരു കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: സർ, വളരെ പ്രധാനപ്പെട്ട വിഷയത്തെ സംബന്ധിച്ച ബില്ലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചത്. യഥാർത്ഥത്തിൽ ആരാധനാലയങ്ങൾ സാഹോദര്യത്തിന്റെയും സാംസ്കാരികമായ ഉണർവ്വിന്റെയും കേന്ദ്രങ്ങളാകേണ്ടതാണ്. ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നത്, നമ്മുടെ സഭയിൽ അംഗമായ ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീൽ ഒരിക്കൽ സ്വകാര്യസംസാരത്തിൽ സൂചിപ്പിക്കുകയുണ്ടായി, പഞ്ചാബിലെ സുവർണ്ണക്ഷേത്രം സന്ദർശിക്കാൻ അവിടെ ചെന്നപ്പോൾ മറ്റൊരു മതസ്ഥനായ തനിക്ക് ക്ഷേത്രത്തിനകത്തേയ്ക്ക് പ്രവേശിക്കാമോ എന്ന സംശയം തോന്നിയപ്പോൾ

അവിടുത്തെ പുരോഹിതനോട് ഇക്കാര്യം ചോദിച്ചു. പുഞ്ചിരിച്ചുകൊണ്ട് ആ പുരോഹിതൻ ബഹുമാന്യനായ കെ. ടി. ജലീലിനെ ചേർത്തുപിടിച്ചു പറഞ്ഞു, ഈ ക്ഷേത്രം എത്രമാത്രം ഞങ്ങളുടേതാണോ അത്രമാത്രം അത് നിങ്ങളുടേതുകൂടിയാണ് എന്നുപറഞ്ഞ് അദ്ദേഹത്തെ ഉള്ളിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. യഥാർത്ഥത്തിൽ ഇതൊരു മനോഭാവമാണ്. ലോകത്തിന്റെ പല ഭാഗത്തുമുള്ള അറിയപ്പെടുന്ന പ്രശസ്തമായ ആരാധനാലയങ്ങളുടെയെല്ലാം സ്വഭാവം ഇതാണ്. ജാതിക്കും മതത്തിനും വിശ്വാസത്തിനും അതീതമായി എല്ലാവരെയും സ്വാഗതം ചെയ്യുന്ന മലർക്കെ തുറന്നുകിടക്കുന്ന വാതിലുകളാണ്. അതാണ് ആരാധനാലയങ്ങളുടെ സംസ്കാരം. എന്നാൽ നമ്മുടെ നാട്ടിലെ ഒരു വിഭാഗം, ഒരു വിഭാഗം എന്നുമാത്രം പറഞ്ഞുകൂടാ, ചില വിഭാഗം നിക്ഷിപ്ത താൽപ്പര്യക്കാർ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് രാഷ്ട്രീയ സംഘടനാ പ്രവർത്തനം മാത്രമല്ല ആയുധപരിശീലനം തന്നെ നടത്തുകയാണ്. ഈ സന്ദർഭത്തിൽ ജാതിക്കും മതത്തിനും വിശ്വാസത്തിനുമെല്ലാം അധീതമായി എല്ലാ മനുഷ്യർക്കും കടന്നുവരാനും സാഹോദര്യം പങ്കുവയ്ക്കാനും കഴിയുന്ന ഇടങ്ങളായി നമ്മുടെ ആരാധനാലയങ്ങൾ നിലനിൽക്കേണ്ടതല്ലേ?

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങ് ചർച്ച തുടരുകയല്ലേ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ രണ്ടുമിനിറ്റുകൊണ്ട് പ്രസംഗം അവസാനിപ്പിക്കാം. ഇവിടെ ശ്രീ. സ്വരാജ് പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്.

ഡോ. കെ. ടി. ജലീൽ സ്വരാജിനോട് പങ്കുവച്ച സുവർണ്ണക്ഷേത്രം സന്ദർശിച്ചപ്പോഴുണ്ടായ അനുഭവമാണ് ശ്രീ. സ്വരാജ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് ലോകത്തിലെ പല രാജ്യങ്ങളും ആരാധനാലയങ്ങളെ ഭീകരപ്രവർത്തനങ്ങൾക്ക് മറയാക്കി, സൗകര്യമാക്കി മാറ്റുന്നതിനെതിരായി ഫലപ്രദമായ നിയമനിർമ്മാണത്തെക്കുറിച്ച് ചിന്തിക്കുകയാണ്. പല യൂറോപ്യൻ രാജ്യങ്ങളും ഇത്തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഇവിടെ ആവശ്യപ്പെടുന്നത്, ഈ കാര്യത്തിൽ ശക്തമായ ഒരു നിയമം നമുക്ക് ആവശ്യമാണ്. ആരാധനാലയങ്ങൾ തങ്ങളുടെ വരുതിയിൽപ്പെടുത്താൻ ....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ശ്രീ. റ്റി. വി. രാജേഷ് വളരെ സുപ്രധാനവും കാലോചിതവുമായ ഒരു ബില്ലിനെപ്പറ്റിയാണ് സംസാരിക്കുന്നത്. എന്റെ ഒരു ചോദ്യം, ക്ഷേത്രോത്സവങ്ങൾ, ശ്രീകൃഷ്ണ ജയന്തി അടക്കമുള്ളവ രാഷ്ട്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന പ്രവണത അടുത്തകാലത്ത് വളർന്നുവന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? ക്ഷേത്രോത്സവങ്ങൾ പോലും രാഷ്ട്രീയപാർട്ടികൾ ഏറ്റെടുത്ത് അതിന്റേതായ ആഘോഷങ്ങൾ നടത്തുന്നു. ശ്രീകൃഷ്ണജയന്തി രാഷ്ട്രീയാടിസ്ഥാനത്തിൽ നടത്തുന്നതിനോടുള്ള അങ്ങയുടെ നിലപാടെന്താണ്?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: അങ്ങ് ഈ നിലപാടിനോട് യോജിക്കുന്നുണ്ടെങ്കിലും

അങ്ങ് പുലർത്തുന്ന വീക്ഷണത്തിന്റെ ഒരു പോരായ്മ ഞാൻ കാണുന്നു. ഏതെങ്കിലും ഒരു ആരാധനാലയം ശ്രീകൃഷ്ണജയന്തി നടത്തുന്നതിനെ ആരും എതിർത്തിട്ടില്ല. പക്ഷേ ആർ.എസ്.എസ്. നടത്തുന്ന വർഗ്ഗീയപ്രചരണത്തെ അങ്ങ് എന്താണ് കാണാതെ പോകുന്നത്. അങ്ങയുടെ പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായ ശ്രീ. പി. സി. വിഷ്ണുനാഥ് ബാലഗോകുലത്തിന്റെ ശാഖകളെക്കുറിച്ചും ശോഭയാത്രകളെക്കുറിച്ചും പറഞ്ഞ ഒരു കാര്യമുണ്ട്. വളരെ ചെറിയ പ്രായത്തിൽ തന്നെ കുട്ടികളുടെ മസ്തിഷ്കത്തിൽ വർഗ്ഗീയത കുത്തിവയ്ക്കാൻ.... വർഗ്ഗീയതയുടെ ലബോറട്ടറിയാണ് ശോഭയാത്ര എന്നുപറഞ്ഞത് അങ്ങയുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ശ്രീ. പി. സി. വിഷ്ണുനാഥാണ്. ഏതെങ്കിലും ഒരു അമ്പലത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഘോഷയാത്രയെ ഞങ്ങളാരും എതിർക്കുന്നില്ല. പക്ഷേ അവസാനമായി കണ്ണൂർ നഗരത്തിൽ നടന്നിട്ടുള്ള ശോഭയാത്രയിൽ ഉയർന്ന മുദ്രാവാക്യം എന്താണെന്ന് അറിയാമോ? "ഒറ്റ കയ്യാ ജയരാജാ, നിന്നെ പിന്നെ കണ്ടോളാം, നിങ്ങളുടെ നാളുകൾ എണ്ണപ്പെട്ടു." ഇതിൽ എന്തുവിശ്വാസമാണുള്ളത്; ശ്രീകൃഷ്ണന്റെ സന്ദേശമാണോ, വീക്ഷണമാണോ ഈ മുദ്രാവാക്യത്തിലൂടെ യഥാർത്ഥത്തിൽ അവർ മുന്നോട്ടുവച്ചത്. അല്ല. ഇത് കൃത്യമായ അജണ്ടയാണ്. അതാണ് നമ്മൾ കാണേണ്ടത്.

<u>മി. സ്പീക്കർ</u>: തുടർ ചർച്ചയുണ്ടെങ്കിൽ പിന്നെ നീട്ടിക്കൊണ്ടു പോകണ്ട.

ശ്രീ. എ. എൻ. ഷംസീർ: ശ്രീ. പി. ടി. തോമസ് ശ്രീകൃഷ്ണജയന്തി ആഘോഷങ്ങൾ രാഷ്ട്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ഇവിടെ പരാമർശിച്ചു. അതിലും ശ്രീ. പി. ടി. തോമസിന്റെ മനസ്സിന്റെയുള്ളിൽ, between the lines, ഒരു ആക്രമണത്തിന്റെ ശൈലിയുണ്ട്. അത് എന്തുമാകട്ടെ, ശ്രീകൃഷ്ണജയന്തി ഘോഷയാത്രയ്ക്കിടെ വിളിക്കുന്ന മുദ്രാവാക്യത്തെക്കുറിച്ച് ശ്രീ. രാജേഷ് ഇവിടെ സൂചിപ്പിച്ചു, യഥാർത്ഥത്തിൽ അഷ്ടമിരോഹിണിയുടെ ഘോഷയാത്ര തെരുവിൽ കൊണ്ടുപോകേണ്ട കാര്യമില്ല എന്നത് ഒന്നാമത്തെ കാര്യം. രണ്ടാമത്തേത്, മതവികാരം അല്ലെങ്കിൽ മതവിശ്വാസം എന്നത് മനുഷ്യന്റെ മൃദുവായ ഒരു വികാരമാണ്. പലപ്പോഴും ആ മതവിശ്വാസത്തെ ചൂഷണം ചെയ്യുകയാണ്. catch them young എന്ന ആർ.എസ്.എസ്.-ന്റെ തിയറിയുണ്ട്. catch them young എന്ന ആർ.എസ്.എസ്. തിയറിയുടെ ഭാഗമായിട്ടാണ് കൃഷ്ണഭക്തിയുള്ള കുടുംബങ്ങളിലെ കുഞ്ഞുങ്ങളെ കൊണ്ടുപോയി കണ്ണന്റെ വേഷം അണിയിച്ച് ശ്രീകൃഷ്ണജയന്തി ഘോഷയാത്രയിൽ പങ്കെടുപ്പിക്കുന്നത്. അത്തരത്തിൽ കണ്ണന്റെ വേഷമിട്ട ചില കുട്ടികളെങ്കിലും പിന്നീട് വളരെ ചെറുപ്രായത്തിൽ, പത്തും പതിമൂന്നും വയസ്സുള്ള കുട്ടികൾ കൊലപാതക കേസ്സിൽ പ്രതിയായത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, അതിൽ സംശയമില്ല. ആലപ്പുഴ

ചേർത്തലയിൽ അനന്തു എന്ന പ്ലസ് വൺ വിദ്യാർത്ഥി ശാഖയിൽ പോകാൻ തയ്യാറാകാത്തതിനെത്തുടർന്ന് അദ്ദേഹത്തെ ആളുകളുടെ കൺമുന്നിൽ വച്ച് വെട്ടിക്കൊന്ന ഭീകര സംഘടനയല്ലേ ആർ.എസ്.എസ്. അതുപറയാൻ പ്രതിപക്ഷത്തിന് നാവ് പൊങ്ങില്ല. അത് അവരുടെ രാഷ്ട്രീയമാണ്. എനിക്ക് ശ്രീ. പി. ടി. തോമസിനോട് പറയാനുള്ളത്, ഈ കാര്യത്തിൽ അത്ര നിഷ്കളങ്കനായി അങ്ങ് മാറരുത് എന്നുമാത്രമാണ്. കണ്ണൂരിൽ നടന്നതാണ് അങ്ങ് ഉദ്ദേശിക്കുന്നതെങ്കിൽ അവിടെ യഥാർത്ഥത്തിൽ 'മഹത്ജന്മങ്ങൾ മാനവനന്മയ്ക്ക്' എന്ന മുദ്രാവാക്യം ഉയർത്തി എല്ലാ മനുഷ്യരെയും ഒന്നായി കാണുന്ന മാനവമൈത്രിയുടെ, മതമൈത്രിയുടെ മഹത്തായ, മഹിമയാർന്ന ഒരു സംസ്കാരം ജനങ്ങൾക്കിടയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ജാഥ അവിടെ നടത്തിയത്. അത് ഏതെങ്കിലുമൊരു രാഷ്ട്രീയപാർട്ടിയുടെ പേരിലല്ല. സാംസ്കാരിക സംഘടനയുടെ പേരിലാണ്. ഞാൻ പറയുന്നു, കോൺഗ്രസ്സും ഇത്തരം നിലപാട് സ്വീകരിക്കണം. ഇത്തരം വർഗ്ഗീയ സംഘടനകൾക്ക് നമ്മുടെ ഈശ്വരന്മാരെ, നമ്മുടെ ദൈവങ്ങളെ, നമ്മുടെ മഹത്തായ അവതാരങ്ങളെ വിട്ടുകൊടുക്കാതിരിക്കാനുള്ള ജാഗ്രതയാണ് നമുക്ക് വേണ്ടത്. പലപ്പോഴും കോൺഗ്രസ് ഈ കാര്യത്തിൽ സ്വീകരിക്കുന്ന പ്രീണന നിലപാട്, കണ്ടില്ലെന്നു നടിക്കുന്ന മനോഭാവം, ഇതൊക്കെയാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. അതുകൊണ്ട് നമുക്ക് ഈ കാര്യത്തിൽ ശക്തമായ നിലപാടുണ്ടാകണം. ഞാൻ ചർച്ച

തുടരാനാണ് ആഗ്രഹിക്കുന്നത്. ഒരു ശക്തമായ നിയമനിർമ്മാണത്തിലൂടെ മാത്രമേ കേരളത്തിൽ ഇതിനെ തടയാൻ കഴിയുകയുള്ളൂ. നിങ്ങൾക്കറിയാം, കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ സ്ഥിതിയെന്താണ്? ആ ക്ഷേത്രത്തെയും മറ്റ് നിരവധി ക്ഷേത്രങ്ങളെയും ആർ.എസ്.എസ്. കയ്യടക്കി വച്ചിരിക്കുകയാണ്. കണ്ണൂർ ജില്ലയിൽ ഏതാണ്ട് 25 ക്ഷേത്രങ്ങളിലാണ് ആർ.എസ്.എസ്.-ന്റെ ശാഖ നടക്കുന്നത്. ഇത് സാംസ്കാരിക പ്രവർത്തനമാണോ? ആയുധ പരിശീലനം എങ്ങനെയാണ് സാംസ്കാരിക പ്രവർത്തനമാകുന്നത്? അതുകൊണ്ട് ആർ.എസ്.എസ്. ആയാലും എസ്.ഡി.പി.ഐ. ആയാലും മറ്റ് മത സാംസ്കാരിക സംഘടനകളായാലും ആരാധനാലയങ്ങൾ എന്നുപറയുന്നത് മനുഷ്യരെ സംബന്ധിച്ചിടത്തോളം അവരുടെ ആത്മനിർവൃതിക്കുവേണ്ടിയുള്ളതാണ്. വിശ്വാസിയെ സംബന്ധിച്ചിടത്തോളം വളരെ പരിപാവനമായ ഒരു കേന്ദ്രമാണത്. അവിടം വർഗ്ഗീയതയുടെ കേന്ദ്രമാക്കിമാറ്റാൻ, വർഗ്ഗീയതയുടെ ഒരു മറയാക്കിമാറ്റാൻ ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. അതിനെതിരായി ശക്തമായ നിലപാടുണ്ടാകണം. ഒരു നിയമനിർമ്മാണത്തെക്കുറിച്ച് സർക്കാർ ആലോചിക്കണമെന്ന് പറഞ്ഞുകൊണ്ട് താൽക്കാലികമായി ചർച്ച അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരുന്നതാണ്)

മി. സ്പീക്കർ: നിയമനിർമ്മാണ പ്രക്രിയയിൽ അവരവരുടെ വ്യക്തിപരമായ സംഭാവന അർപ്പിക്കാൻ പറ്റിയ ഏറ്റവും നല്ല അവസരമാണ് സ്വകാര്യബില്ലുകൾ. നമ്മുടെ സഭയിലെ താരതമ്യേന യുവാക്കളും പുതുമുഖങ്ങളുമാണ് അക്കാര്യത്തിൽ വളരെ സജീവമായ പങ്കാളിത്തം വഹിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് അഞ്ചുപേരുടെ ബില്ലുകളാണ് പരിഗണനയ്ക്ക് വരുന്നത്. അവർക്കെല്ലാവർക്കും അല്പാല്പം സമയം അനുവദിച്ചാൽ അവർക്കും ബിൽ അവതരിപ്പിക്കാൻ സാധിക്കും.

ii) 2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ ഒന്നുമുതൽ പത്തുവരെയുള്ള വിദ്യാഭ്യാസം പൂർണ്ണമായും കെ.ഇ.ആർ.-ന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിയമനം സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ കെ.ഇ.ആർ. അദ്ധ്യായം XXXII ആയി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കെ.ഇ.ആർ.-ലെ മറ്റു വ്യവസ്ഥകൾ ബാധകമാക്കിയിട്ടില്ല. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഘടനാപരവും

അക്കാദമികപരവുമായ എല്ലാവശങ്ങളും പഠിച്ച് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കാനായി 19.10.2017-ലെ സർക്കാർ ഉത്തരവ് നമ്പർ. 3779/2017 പ്രകാരം മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടറായ ഡോ. എം. എ. ഖാദർ ചെർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഹയർ സെക്കണ്ടറി അടക്കമുള്ള പൊതുവിദ്യാഭ്യാസം ഉൾപ്പെടുത്തി സമഗ്രമായ കെ.ഇ.ആർ പരിഷ്കരണം സർക്കാർ ലക്ഷ്യമിടുന്നു. അതിനാൽ ഈ വിഷയത്തിൽ ഇപ്പോൾ അനൗദ്യോഗിക ബിൽ പ്രസക്തമല്ല. അതിനാൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിൽ ഒന്നാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള ഹൈസ്കൂൾ തലങ്ങളിൽ നിയന്ത്രിതമായി നിലവിലുള്ള വ്യവസ്ഥിതികൾക്കനുസരിച്ച്, കെ.ഇ.ആർ-ന്റെ അടിസ്ഥാനത്തിൽ വളരെ വ്യക്തമായി നടക്കുന്നുവെന്നത് സന്തോഷകരം തന്നെയാണ്. അക്കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് വളരെ ശരിയാണ്. ഇങ്ങനെ നല്ല രീതിയിൽ നടന്നുവരുന്നതിനിടയ്ക്കാണ് വിദ്യാഭ്യാസ മേഖലയിലെ വിവിധങ്ങളായ ചർച്ചകളുടെയും മാറ്റങ്ങൾ വരണമെന്ന് ആഗ്രഹിച്ചതിന്റെയും അടിസ്ഥാനത്തിലാണ് 1999-ൽ കേരളത്തിലെ

വിദ്യാഭ്യാസരംഗത്ത് ഏറ്റവും നല്ല പരിഷ്കരണം എന്ന തരത്തിൽ നിലവിലുണ്ടായിരുന്ന പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് പുതിയ പ്ലസ്ടു ആരംഭിച്ചത്. ഇതിനാവശ്യമായ പ്രത്യേക ആക്ടും റൂളും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. നിലവിലുള്ള ഒരു വ്യവസ്ഥിതിക്കപ്പുറത്ത് പുതുതായ ഒരു തലം ഉണ്ടാക്കിയിട്ടില്ല എന്നും അങ്ങ് വളരെ കാര്യമായി പറയുകയുണ്ടായി. ഒരു നിയമം ഇല്ലാത്തതുകൊണ്ട് അതിനുപകരമായി നിലവിലുള്ള കെ.ഇ.ആർ.-ലെ XXXII-മത്തെ ചാപ്റ്ററായി സ്പെഷ്യൽ റൂൾ ഉണ്ടാക്കുകയും അതിനനുസരിച്ചാണ് ഇന്ന് ഹയർസെക്കണ്ടറി തലങ്ങളിലുള്ള അദ്ധ്യാപകരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് തീരുമാനങ്ങൾ എടുക്കുന്നതെന്നും അങ്ങേയ്ക്ക് അറിയാവുന്നതാണ്. അതുമായി ബന്ധപ്പെട്ട് ഏറെക്കുറെ പ്രയാസങ്ങൾ അങ്ങും അനുഭവിക്കുകയാണ്. അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രിൻസിപ്പാൾമാരും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന മുഴുവൻ മേഖലയും ഇന്ന് പ്രയാസങ്ങൾ അനുഭവിക്കുകയാണ്. അങ്ങ് അത് ചർച്ചയിൽ പറഞ്ഞതുമാണ്. അങ്ങനെ കൃത്യമായ ഒരു റൂൾസ് ഇല്ലാത്തതുകൊണ്ടും കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ടും എല്ലാ മേഖലയിലും ഈ പ്രയാസം അനുഭവിക്കുന്നുവെന്നതുകൊണ്ടാണ് അതിനുപകരമായി ഒരു പുതിയ റൂൾ ഉണ്ടാക്കി ഈ അപാകതകൾ പരിഹരിക്കുന്നതിനായി ഈ ബിൽ അവതരിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിച്ചത്. അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട

പ്രയാസങ്ങൾ പരിഹരിക്കണം. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് തന്നെ അറിയാം മൂന്നാമത്തെ ചാപ്റ്ററിൽ പറഞ്ഞിരിക്കുന്നത്, The Government may have regulate primary and other stages of education and courses of instruction of the Government and the Private Schools എന്നാണ്. ബില്ലുകൾ അവതരിപ്പിക്കാനുള്ളതുകൊണ്ടും സമയക്കുറവുള്ളതുകൊണ്ടും ചട്ടം ഞാൻ ഇവിടെ വായിക്കുന്നില്ല. അങ്ങേയ്ക്കറിയാവുന്നതാണ്. നിലവിൽ കെ.ഇ.ആർ.-ലെ ചാപ്റ്റർ XXXII അനുസരിച്ച് സംസ്ഥാനത്തെ ഹയർ സെക്കണ്ടറി മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളൊന്നും തീർപ്പാക്കാൻ അധികൃതർക്ക് കഴിയുന്നില്ല. ചാപ്റ്റർ XXXII-ൽ ആവശ്യമായ ഭേദഗതി വരുത്തി സമഗ്രമായ മാറ്റം വരുത്താതെ അതിന് പരിഹാരം കാണാൻ കഴിയുകയുമില്ല. മാറ്റം വരുത്തിയാൽ മാത്രമേ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. നമുക്കറിയാം, കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് സെക്ടറിലും എയ്ഡഡ് സെക്ടറിലുമുള്ള പരിഹരിക്കാൻ കഴിയാത്ത പ്രയാസങ്ങൾ ഒട്ടനവധിയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാനായി നിലവിലുള്ള ഈ വ്യവസ്ഥകൾക്കനുസരിച്ച് പോകുന്നതിനുപകരമായി ഒരു ആക്ടും റൂളുമുണ്ടാക്കേണ്ടതുണ്ട്. കേരള വിദ്യാഭ്യാസ റൂളിൽ മൂന്നാം വകുപ്പിൽ ഒന്നാം ഉപവകുപ്പ് മാറ്റി, The Government may regulate all the stages of education from Primary to Higher Secondary and courses of instruction in

Government and the Private Schools എന്നാക്കി മാറ്റിയാൽ അതുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടനവധി മാറ്റങ്ങൾ നടത്താൻ കഴിയും. വിദ്യാഭ്യാസ മേഖല ഹൈടെക് ആക്കുന്നതിനെക്കുറിച്ചും മികവുറ്റതാക്കി മാറ്റുന്നതിനെക്കുറിച്ചും ഒട്ടനവധി കാര്യങ്ങൾ അങ്ങ് ഇന്നലെ പറഞ്ഞു. അവ വിദ്യാഭ്യാസ മേഖലയിൽ വളരെ അഭിമാനകരമായ കാര്യങ്ങളാണ്. പക്ഷേ അത് പറയുമ്പോൾ തന്നെ, ആ കാര്യങ്ങൾ മുഴുവൻ നടപ്പിലാകണമെങ്കിൽ അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതും പ്രായോഗികതലങ്ങളിലേക്ക് കൊണ്ടുവരേണ്ടതും അത് പ്രാവർത്തികമാക്കുന്നതും അദ്ധ്യാപകരാണ്. നിലവിലുള്ള വ്യവസ്ഥിതിയെക്കുറിച്ച് പരസ്പരം നമുക്കറിയാവുന്നതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ആ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തിക്കൊണ്ട് അത് പ്രായോഗികമാക്കാൻ ആവശ്യമായ നിലപാടുകൾ സ്വീകരിക്കാതെ അങ്ങ് ഉദ്ദേശിക്കുന്നപോലെ കാര്യങ്ങൾ പൂർത്തീകരിക്കാൻ കഴിയില്ല എന്നത് വളരെ വ്യക്തമാണ്. അതുകൊണ്ടാണ് അതിനാവശ്യമായ നടപടികൾ ഇതിലുണ്ടാകണം എന്ന് ഞാൻ ആവശ്യപ്പെടുന്നത്. റൂൾ 51 (എ)-ൽ എന്താണ് പറയുന്നത്; ഞാൻ അത് വിശദീകരിക്കുന്നില്ല. 1 മുതൽ 10 വരെ ക്ലാസ്സുകളുള്ള സ്കൂളുകളിൽ ഹ്രസ്വകാലയളവിൽ നിയമനാംഗീകാരം ലഭിച്ചവർക്ക് ചട്ടം 51(എ) "ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് ക്ലെയിം കിട്ടാവുന്നതാണ്" ഇത് ചാപ്റ്റർ XXXII-ൽ

ഇല്ല. ഹയർ സെക്കണ്ടറിയിൽ ചാപ്റ്റർ 32 പറയുന്നേയില്ല. ഹൈസ്കൂൾ തലത്തിൽ അദ്ധ്യാപകർക്ക് ക്ലെയിം ലഭിച്ച് അവരെ മറ്റൊരു ഒഴിവ് വരുമ്പോൾ നിർബന്ധമായും നിയമിക്കണം എന്നുപറഞ്ഞുകൊണ്ടുള്ള കൃത്യമായ നിയമമുണ്ട്. അവർ വാങ്ങുന്നുണ്ട്. പക്ഷേ ഹയർ സെക്കണ്ടറിയിൽ അങ്ങനെ ചാപ്റ്റർ XXXII-ൽ 51 (എ) വച്ച് ഈ അദ്ധ്യാപകരുടെ അവകാശങ്ങൾക്ക് ലഭിക്കാവുന്ന തരത്തിലുള്ള ക്ലെയിം ഉണ്ടാകുമോ എന്ന് പറയുന്നില്ല. അത് പരിഹരിക്കാതിരുന്നാൽ... ഈ വ്യവസ്ഥ ഹയർ സെക്കണ്ടറിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അത് ഉൾപ്പെടുത്താത്തതുകൊണ്ട് തന്നെ അതിന്റെ പ്രയാസങ്ങൾ അദ്ധ്യാപകർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ, HSST ജൂനിയറിലും സീനിയറിലും, ജൂനിയർ HSST പ്രൊമോഷനായി സീനിയർ HSST ആകേണ്ട വ്യവസ്ഥ ചാപ്റ്റർ XXXII-ൽ പറയുന്നില്ല. ജൂനിയറിൽ നിന്നും സീനിയറിലേക്ക് പോകുന്നതിനെക്കുറിച്ചും ഹൈസ്കൂളിൽ നിയമങ്ങൾക്കനുസരിച്ച് പ്രൊമോഷനെക്കുറിച്ചും മറ്റ് തലങ്ങളെക്കുറിച്ചും കെ.ഇ.ആർ.-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. പക്ഷേ ഇതിനുവേണ്ടി തയ്യാറാക്കിയ കെ.ഇ.ആർ.-ലെ ചാപ്റ്റർ XXXII-ൽ കൃത്യമായ നിലപാടുകളുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിപ്പിക്കേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് പറയുന്നില്ല. അതുകൊണ്ട് തന്നെ ഹയർ സെക്കണ്ടറി തലങ്ങളിലെ അദ്ധ്യാപകർ ജൂനിയറിൽ നിന്നും സീനിയറായി പ്രൊമോഷൻ ലഭിക്കുന്നത് സംബന്ധിച്ച് പ്രയാസങ്ങൾ

അനുഭവിക്കുന്നുവെന്നത് വ്യക്തമാണ്. അതുപോലെ തന്നെ ഹയർ സെക്കണ്ടറി സീനിയറിൽ നിന്നും പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനെക്കുറിച്ച് ചാപ്റ്റർ XXXII-ൽ പറയുന്നില്ല. അതുകൊണ്ട് പ്രിൻസിപ്പാൾ ആകുന്നതിന് പ്രൊമോഷൻ ലഭിക്കുന്ന സ്ഥലങ്ങളിൽ അദ്ധ്യാപകർക്ക് പരസ്പരം ഉണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ച് അങ്ങയുടെ മുന്നിൽ പരാതി വന്നിട്ടുണ്ട്, കോടതിയുടെ മുന്നിലും പരാതികളുണ്ട്, വിദ്യാഭ്യാസ വകുപ്പിന്റെ മുന്നിലുമുണ്ട്. ഒരുപാട് കേസ്സുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ തലത്തിലുള്ള പ്രയാസങ്ങളും അനുഭവിക്കുകയാണ്. ജൂനിയർ തസ്തികയിൽനിന്നും സീനിയർ തസ്തികയിലേക്കും പ്രിൻസിപ്പാൾ തസ്തികയിലേക്കും സീനിയോറിറ്റി മാനദണ്ഡം സ്വീകരിക്കേണ്ടതുണ്ട്. സീനിയോറിറ്റി മാനദണ്ഡം സ്വീകരിക്കാതെ മുന്നോട്ടുപോകുന്ന അവസ്ഥാവിശേഷം ഇന്ന് ഹയർസെക്കണ്ടറി തലങ്ങളിലുണ്ട്. എന്നാൽ സീനിയോറിറ്റി സംബന്ധിക്കുന്ന ചട്ടങ്ങൾ ചാപ്റ്റർ XXXII-ൽ ഉൾപ്പെടുത്തിയിട്ടില്ല. ഇങ്ങനെ നോക്കിയാൽ അദ്ധ്യാപകരുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുപാട് പ്രയാസങ്ങൾ അവരുടെ ജോലിയുമായി ബന്ധപ്പെട്ടുകൊണ്ട് നിൽക്കുന്ന കാര്യങ്ങൾ ചാപ്റ്റർ XXXII-ൽ ...

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സ്വകാര്യ ബിൽ അവതരിപ്പിച്ചുകൊണ്ട് വിശദീകരിക്കാൻ ശ്രമിക്കുന്നത് നമ്മുടെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ക്ലെയിം, സേവന-വേതന പ്രശ്നങ്ങൾ,

പ്രൊമോഷൻ സാദ്ധ്യതകൾ എന്നിവയെക്കുറിച്ചും അദ്ധ്യാപകർക്കനുകൂലമായി കുറെ പരിഷ്കാരങ്ങളും നിയമഭേദഗതികളും വരണമെന്നുള്ളത് സംബന്ധിച്ചുമാണ്. ഹയർ സെക്കണ്ടറിയിൽ ചില പ്രശ്നങ്ങളുണ്ടെന്നത് ശരിയാണ്. അതിൽ പ്രിൻസിപ്പാൾമാർക്കുള്ള ജോലി ഭാരത്തിന്റെ പ്രശ്നമുണ്ടെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. അവർ പഠിപ്പിക്കുകയും അഡ്മിനിസ്ട്രേഷന്റെ ഭാഗമായുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കുകയും വേണം. അത് ഈ സഭയിൽ തന്നെ പലപ്രാവശ്യം ചർച്ചയിൽ വന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിനുള്ള ഓഫീസും ക്ലറിക്കൽ സംവിധാനങ്ങളും ഹയർസെക്കണ്ടറിയിലില്ല എന്ന നിലയിലുള്ള ഒരു വിഷമം അവർ എപ്പോഴും പറയാറുണ്ട്. അതിൽ ഒരു വസ്തുതയുണ്ട്. അതിൽ സമഗ്രമായ പരിഷ്കാരം വരുമ്പോൾ അതിന് പരിഹാരമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരത്തേ പറഞ്ഞിരുന്നു. പക്ഷേ താൽക്കാലികമായി ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചുകൊണ്ട് അവരുടെ ജോലിഭാരത്തിൽനിന്നും ആശ്വാസം കൊടുക്കാൻ പറ്റുമോയെന്ന് ആലോചിക്കേണ്ടതാണ്. അത് ഒരു ഭാഗമാണ്. അത് ബഹുമാനപ്പെട്ട മന്ത്രി കൺസിഡർ ചെയ്യട്ടെ. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് - ഹൈസ്കൂൾ, പ്രൈമറി, ഹയർ സെക്കണ്ടറി എന്നീ മേഖലകളുമായി ബന്ധപ്പെട്ട് ഡിസ്കഷൻ നടക്കുമ്പോഴുള്ള ഒരു പ്രധാന പ്രശ്നം അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ അല്ല. കേരളത്തിലെ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നം കുട്ടികളുമായി ബന്ധപ്പെട്ടുള്ളതാണ്. അവർക്ക് ഗുണമേന്മയുള്ള

വിദ്യാഭ്യാസം കൊടുക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. നമുക്ക് ഇൻഫ്രാസ്ട്രക്ചറുണ്ട്. വിദ്യാഭ്യാസ മേഖലയെ ഗംഭീരമായി വികസിപ്പിക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗവൺമെന്റ് നടപടികൾ കൈക്കൊള്ളുകയാണ്. അതോടൊപ്പം തന്നെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലും ഗവൺമെന്റ് നടത്തുന്നുണ്ട്. പക്ഷേ അത് ഉറപ്പാക്കുന്നതിന് നമുക്ക് ഇന്ന് വിദ്യാഭ്യാസ മേഖലയിൽ കൈക്കൊള്ളേണ്ട ഒരുപാട് നടപടികളുണ്ട്. അവിടെ നമുക്ക് ആരോഗ്യകരമായ അന്തരീക്ഷം രൂപപ്പെട്ട് വരണം. ആ അന്തരീക്ഷം രൂപപ്പെട്ട് വരണമെങ്കിൽ ഹയർ സെക്കണ്ടറിയും ഹൈസ്കൂളുമായി വേർതിരിഞ്ഞുനിന്ന് വളരെ സങ്കുചിതമായി പരസ്പരം കലഹിക്കുന്ന, വളരെ മോശമായിട്ടുള്ള അന്തരീക്ഷം നമ്മുടെ പൊതുവിദ്യാലയങ്ങളിൽ വികസിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കുന്ന പ്രവണത അവസാനിപ്പിക്കണം. അതിന് സ്കൂളുകൾക്ക് ഒരു അഡ്മിനിസ്ട്രേഷൻ ഹെഡ് മാത്രമേ ഉണ്ടാകാവൂ. സാധിക്കുമെങ്കിൽ പ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലം വരെ ഒന്നിപ്പിക്കണം. ആ കാര്യം സംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം? ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ പ്രതികരിക്കുമ്പോൾ എത്ര വേഗതയിൽ നമ്മളെല്ലാം ആഗ്രഹിക്കുന്ന കാര്യങ്ങൾ യാഥാർത്ഥ്യമാക്കുമെന്ന് അറിയാൻ എനിക്ക് താൽപ്പര്യമുള്ളതുകൊണ്ടാണ് ഞാൻ ഇടപെട്ടത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, ബഹുമാന്യനായ അംഗം

പറഞ്ഞ കാര്യം വളരെ ശരിയാണ്. അതാണ് ഞാനും അങ്ങയോട് പറഞ്ഞത്,..... ഹൈടെക് ആക്കുന്ന, മികവുറ്റ കേന്ദ്രങ്ങളാക്കുന്നുവെന്നാണ് അങ്ങ് ഇന്നലെ ഇവിടെ സൂചിപ്പിച്ചപ്പോൾ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, നമുക്കിത് തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഉന്നതങ്ങളിലേക്ക് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നുവെന്ന് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞു. അതിനോടനുബന്ധിച്ചാണ് ഞാൻ പറഞ്ഞത് അദ്ധ്യാപകരെ കൺവെൻഷണൽ ടൈപ്പിൽ നിന്നും മാറ്റി നിലവിലുള്ള പുതിയ വ്യവസ്ഥിതികൾക്കനുസരിച്ച് മാറ്റാൻ ശ്രമിക്കണമെന്ന് പറയുന്നത് വളരെ വ്യക്തമാണ്. ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ അച്ചടക്കനടപടി, കോർപ്പറേറ്റ് മാനേജ്മെന്റ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം, നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ കാര്യം എന്നിവയൊക്കെ ഇതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങളാണ്. അതുകൊണ്ട് ഈ ബില്ലിന്റെ ചർച്ച തുടർന്നുകൊണ്ടുപോകണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരുന്നതാണ്)

2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള

<u>അതോറിറ്റി രൂപീകരണ ബിൽ</u>

<u>ശ്രീ. പി. ടി. തോമസ്:</u> സർ, 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്):</u> സർ, ശുദ്ധജല ലഭ്യതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പി. ടി. തോമസ് സ്വകാര്യ ബിൽ അവതരിപ്പിക്കുമ്പോൾ ആ ബില്ലിനെ പിന്താങ്ങുവാൻ അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട ആരും ഈ സഭയിൽ ഇല്ലായെന്നത് വളരെ സങ്കടകരമാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> രാജ്യസഭാ ഇലക്ഷൻ നടക്കുകയല്ലേ; എല്ലാവരും വോട്ട് ചെയ്യാൻ പോയിരിക്കുകയാണ്.

<u>ശ്രീ. മാത്യു ടി. തോമസ്:</u> രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെയാണ് വോട്ട്. നമുക്ക് വിഷയത്തിലേയ്ക്ക് വരാം. ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സുപ്രധാനമായ ഒരു വിധിയുണ്ടായതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിധിയുടെ വിശദാംശങ്ങൾ എന്റെ കൈവശം കിട്ടിയിട്ടില്ല. ശുദ്ധജല ലഭ്യത ഉറപ്പാക്കാൻവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫലപ്രദമായി ഇടപെടണം എന്നൊരു നിർദ്ദേശം ഉള്ളതായാണ്

മാധ്യമങ്ങളിൽനിന്നും മനസ്സിലാകുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങൾ നിലവിലുണ്ട്. കേരള വാട്ടർ സപ്ലൈ ആന്റ് സ്വിവറേജ് ആക്ട്, 1986 പ്രകാരമാണ് കേരള വാട്ടർ അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. കേരള ഗ്രൗണ്ട് വാട്ടർ റെഗുലേഷൻ ആന്റ് കൺട്രോൾ ആക്ട്, 2002 പ്രകാരമാണ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി രൂപീകരിച്ചത്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്, 2003-ന് അടുത്ത സമയത്ത് ഓർഡിനൻസിലൂടെ ഭേദഗതി കൊണ്ടുവന്ന് ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് 3 വർഷം വരെ തടവും 2 ലക്ഷം രൂപ വരെ പിഴ കൊടുക്കുന്ന കർശനമായ പീനൽ വ്യവസ്ഥ ഉൾക്കൊള്ളിച്ച് ഭേദഗതി ചെയ്തിട്ടുണ്ട്. ഇത് കൂടാതെ പരിസ്ഥിതി വകുപ്പ് കേരള വെറ്റ്ലാന്റ് അതോറിറ്റി ആക്ടിലൂടെ കേരള വെറ്റ്ലാന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത്രയും അതോറിറ്റികളും സംവിധാനങ്ങളും ഉള്ളപ്പോൾ മറ്റൊരു അതോറിറ്റിയിലേയ്ക്ക് പോകേണ്ട ആവശ്യമില്ല. ഈ സംവിധാനങ്ങളെ ഫലപ്രദമാക്കാൻവേണ്ടി കൂടുതൽ കാര്യക്ഷമമായ ഇടപെടലാണ് ആവശ്യം. അത് സർക്കാർ പരിശോധിക്കുന്നുണ്ട്. അതുകൊണ്ട് ഇത്തരത്തിൽ ഒരു അതോറിറ്റി, ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ച തരത്തിലുള്ള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് മറ്റൊരു അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ലെന്നാണ് സർക്കാർ നിലപാട്.

2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

<u>ശ്രീ. പി. ടി. തോമസ്:</u> സർ, കേരള സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മലിനീകരണംമൂലം ശുദ്ധമായ ജലം ലഭ്യമല്ലാതാകുന്ന അവസ്ഥ ഒഴിവാക്കി പൊതുജനങ്ങൾക്ക് ശുദ്ധമായ ജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി ഒരു അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. Samuel Taylor Coleridge-ന്റെ പ്രസിദ്ധമായ കവിതയിൽ Water, water, everywhere, Nor any drop to drink എന്ന് പറയുന്നതാണ് ഇന്നത്തെ അവസ്ഥ. ശുദ്ധജല വിതരണത്തിന്റേതാണ് നമ്മുടെ നാട്ടിലെ വകുപ്പ്. എന്നാൽ കൊടുക്കുന്ന ജലത്തിന്റെ 60 ശതമാനത്തിലേറെ ശുദ്ധജലമല്ലെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ, ശുദ്ധവായു, ശുദ്ധജലം തുടങ്ങി ഒരു വ്യക്തി മൗലികമായി ആർജ്ജിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഗൗരവതരമായി വിലയിരുത്താനും ലഭ്യമാകുന്ന ജലം ശുദ്ധജലമാണെന്ന് ഉറപ്പുവരുത്താനുമുള്ള നടപടികളുണ്ടാകണമെന്നാണ് ഈ ബില്ലിലൂടെ പ്രധാനമായും ഞാൻ മുന്നോട്ടുവയ്ക്കുന്നത്. കഴിഞ്ഞ വർഷത്തെ ലോക ജലദിനത്തോടനുബന്ധിച്ച് 'എന്തുകൊണ്ട് മലിനജലം' എന്ന പ്രമേയമാണ് ഐക്യരാഷ്ട്രസഭ ഏറ്റെടുത്തത്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഒരു ദിവസം മൂവായിരത്തിലധികം കുട്ടികളാണ് മലിനജലം കുടിക്കുന്നതുകൊണ്ട് മരണമടയുന്നത്. ഇത്തരം 32 ലക്ഷത്തിലധികം കുട്ടികളാണ് ഓരോ വർഷവും

മരിക്കുന്നത്. ഇത് യുനസ്കോയുടെ റിപ്പോർട്ടിലും പറയുന്നു. മലിനജലംമൂലം മുതിർന്നവരടക്കം ഏകദേശം 3 കോടിയോളം ആളുകൾ ഒരു വർഷം ലോകത്ത് മരിക്കുന്നുണ്ടെന്നാണ് കണക്ക്. ഇങ്ങനെ വരുന്ന സാഹചര്യത്തിൽ ശുദ്ധജലത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് വേണ്ട രീതിയിൽ ഗൗരവതരമായി ചിന്തിച്ചിട്ടുണ്ടോയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിലെ പുഴകൾ മലിനമാകുന്നത് എങ്ങനെയാണ്; അതിന്റെ പരിണിതഫലങ്ങൾ എന്തെല്ലാമാണ്; ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കാനുള്ള വഴികൾ എന്തെല്ലാമാണ്; ഈ കാര്യങ്ങളെ സംബന്ധിച്ച് വലിയതോതിലുള്ള വിദ്യാഭ്യാസ പ്രചരണംപോലുള്ള ഒരു പ്രചരണം ഏറ്റവും അനിവാര്യമായ കാലഘട്ടമാണ്. ഭൂമിയുടെ ഉപരിതലത്തിന്റെ 2/3 ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. ബാക്കി ഒരു ഭാഗം മാത്രമാണ് കര. ഇത്രയും ജലം ഭൂമിയിൽ ലഭ്യമാണെങ്കിലും ഇതിൽ ഭൂരിഭാഗവും കടലിലെ ഉപ്പുവെള്ളമാണ്. ബാക്കി വരുന്ന തുച്ഛമായ ഭാഗം മാത്രമാണ് ശുദ്ധജലമായിട്ടുള്ളത്. ഭൂമിയിൽ ലഭ്യമായ ജലത്തിന്റെ നല്ലൊരു പങ്കും ഇപ്പോൾ പരിപൂർണ്ണമായി മലിനപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. വ്യവസായ ശാലകൾ, കൃഷിയിടങ്ങൾ, നഗരാവശിഷ്ടങ്ങൾ മുതലായവയിൽനിന്ന് വരുന്ന മാലിന്യംമൂലം നമ്മുടെ പുഴകളും തോടുകളും ജലാശയങ്ങളുമെല്ലാം ദിനംതോറും മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ജലമലിനീകരണത്തിന്റെ മറ്റൊരു സ്രോതസ്സ് കൃഷിയിടങ്ങളിൽനിന്നുള്ള മാലിന്യങ്ങളാണ്.

കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കളും കീടനാശിനികളും മഴ വെള്ളത്തിൽക്കൂടി ഒലിച്ച് നദികളെയും ഭൂഗർഭ ജലസ്രോതസ്സുകളെയുമെല്ലാം മലിനമാക്കിക്കൊണ്ടിരിക്കുകയാണ്. തണ്ണീർമുക്കം ബണ്ട്മൂലം കുട്ടനാട്ടിലെ ഓരുവെള്ളം പാടങ്ങളിൽ കയറുന്നത് ഒഴിവാക്കാൻ കഴിഞ്ഞെങ്കിലും മണ്ണിന്റെയും ജലത്തിന്റെയും രാസപരവും ഭൗതികവുമായ അഭിലക്ഷണങ്ങളിൽ പലതും കാര്യമായ മാറ്റം വന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെ പല പല കാരണങ്ങൾകൊണ്ട് നമ്മുടെ ശുദ്ധജല സ്രോതസ്സുകൾ അടഞ്ഞുവരികയാണ്. കേരളത്തിലെ ഭൂഗർഭ ജലസ്രോതസ്സുകളുടെ പ്രധാനപ്രശ്നം മലജന്യ അണുക്കളാണ്. ഇതര ജീവാണുക്കൾ, മലജന്യ അണുക്കൾ എന്നിവ മൂലമുള്ള മലിനീകരണമാണ് ഏറ്റവും കൂടുതലെന്ന് കണ്ടെത്തിയിട്ടുണ്ട്. മഴക്കാലത്താണ് ജൈവമലിനീകരണത്തിന് കൂടുതൽ സാധ്യതയെന്നാണ് കിണറുകളുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള ഒരു പഠനത്തിൽ കാണുന്നത്. മണ്ണിന്റെ ഘടന, കിണറിന്റെ നിർമ്മാണം, കക്കൂസുകളുടെ നിർമ്മാണരീതി, കിണറും കക്കൂസുകളും തമ്മിലുള്ള ദൂരം തുടങ്ങിയ പല കാര്യങ്ങളും ജല മലിനീകരണവുമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. സെപ്റ്റിക് ടാങ്ക്/കക്കൂസും കിണറും തമ്മിൽ 15 മീറ്ററെങ്കിലും ദൂരം വേണമെന്ന നിബന്ധന കേരളത്തിൽ പലയിടത്തും പാലിക്കാൻ കഴിയുന്നില്ല, പട്ടണങ്ങളിൽ പ്രത്യേകിച്ച്. ഇന്ന് 7.5 മീറ്ററായി അത് കുറച്ചിട്ടുണ്ട്. ഇതിലും അകലം കുറച്ചാൽ വെള്ളത്തിൽ അണുബാധയുണ്ടാകാനുള്ള സാധ്യത വളരെ

കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കിണറുകൾക്ക് ചുറ്റുമതിൽ ഇല്ലാത്തതും കിണറിന് സമീപം വെള്ളം കെട്ടിക്കിടക്കുന്നതും പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. മഴക്കാലത്ത് കിണറിന് സമീപം അഴുക്കുവെള്ളം കെട്ടിക്കിടക്കുന്നതിനാൽ അണുക്കൾക്ക് മണ്ണിൽക്കൂടി ഊർന്നിറങ്ങി കിണറുകളെ മലിനപ്പെടുത്താൻ കഴിയും. മഴക്കാലത്ത് ജലജന്യ രോഗങ്ങൾ കൂടുതൽ കണ്ടുവരുന്നതിന് ഇതും ഒരു കാരണമായിട്ടുണ്ട്. വീട്ടിലും പരിസരത്തും വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ട് കൊതുകുകൾ പെരുകകയും ചെയ്യുന്നു. ഈ കൊതുകുകളാണ് പലപ്പോഴും ചിക്കൻ ഗുനിയ, മലമ്പനി, ഡെങ്കിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ രോഗങ്ങൾ പരത്തുന്നത്. ഇങ്ങനെ പലവിധ കാരണങ്ങൾകൊണ്ട് നമുക്ക് കുടിക്കാൻ ആവശ്യമായ ജലത്തിന്റെ ഉപയോഗം ഇന്ന് ദിനംപ്രതി കുറഞ്ഞുവരുന്നുവെന്നുള്ളത് വളരെ ഗൗരവതരമാണ്. വാട്ടർ അതോറിറ്റി നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നത്........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. ടി. തോമസ്, ഇനി രണ്ട് ബില്ലുകളുടെ അവതരണവും മൂന്ന് ബില്ലുകളുടെ തുടർചർച്ചയുമുണ്ട്. സമയം കുറവാണ്.

ശ്രീ. പി. ടി. തോമസ്: സർ, വാട്ടർ അതോറിറ്റി ശുദ്ധജല വിതരണമാണ് ഉദ്ദേശിക്കുന്നതെങ്കിലും, ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ കഴിഞ്ഞ ദിവസം പ്രസംഗത്തിലൊക്കെ ചൂണ്ടിക്കാണിച്ചതാണ്. കേരളം പോലെ ഇത്രയും ഡെൻസിറ്റിയുള്ള ഒരു സംസ്ഥാനത്ത് സ്വീവേജ് ട്രീറ്റ്മെന്റിനുള്ള യാതൊരു

സൗകര്യങ്ങളുമില്ല. പ്രത്യേകിച്ച് 87-ഓളം മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ഏറ്റവും ജനസാന്ദ്രത കൂടി നിൽക്കുന്ന സാഹചര്യത്തിൽ അവിടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നാമമാത്രമായിട്ടാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, തിരുവനന്തപുരത്തും എറണാകുളത്തും അഞ്ച് ശതമാനം ആളുകൾ മാത്രം ഉപയോഗിക്കുന്ന ഏരിയയിലാണ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുള്ളത്. സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം ഇല്ലാത്തതാണ് കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. അതുകാരണം കായലുകളിലും കുളങ്ങളിലും ജലാശയങ്ങളിലുമെല്ലാം ഈ മലജന്യമായ മാലിന്യങ്ങൾ അടിഞ്ഞുകൂടി നമ്മുടെ ജലസ്രോതസ്സുകളെ പരിപൂർണ്ണമായും അപകടത്തിലാക്കിക്കൊണ്ടിരിക്കുകയാണ്.

എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയും എറണാകുളവും അടക്കമുള്ള സിറ്റികളിൽ നടക്കുന്നൊരു കാര്യം, വലിയ ഫ്ലാറ്റുകൾ കെട്ടിപ്പടുത്ത് ആകർഷണീയമായ പരസ്യങ്ങൾ കൊടുത്ത് അമേരിക്കയിലും മറ്റ് വിദേശ രാജ്യങ്ങളിലുമൊക്കെയുള്ള ആളുകളെ ആകർഷിക്കുന്നു. അവർ ഫ്ലാറ്റ് കാണുകപോലും ചെയ്യാതെ വന്ന് ബുക്ക് ചെയ്യും. അങ്ങനെ ഫ്ലാറ്റെടുത്ത് പൈസയെല്ലാം കൊടുത്തു കഴിയുമ്പോഴാണ് അറിയുന്നത്, അവിടെ 90 ശതമാനം ഫ്ലാറ്റുകളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാറില്ല എന്ന്. അഥവാ എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വർദ്ധിച്ച ഇലക്ട്രിസിറ്റി ചാർജ്ജും മറ്റും

കാരണം ഇത് പ്രവർത്തിപ്പിക്കില്ല. പത്തും ആയിരവും രണ്ടായിരവും ആളുകൾ താമസിക്കുന്ന ഫ്ലാറ്റുകൾ എന്റെ മണ്ഡലമായ തൃക്കാക്കര, കാക്കനാട് മേഖലയിലുണ്ട്. എന്നിട്ടെന്താണ് ചെയ്യുന്നത്; ഈ ഫ്ലാറ്റുകളിൽനിന്നുള്ള കക്കൂസ് മാലിന്യം മുഴുവൻ ടാങ്കർ ലോറിയിൽ കൊണ്ടുപോകാൻ കൊടുക്കുന്നു. ടാങ്കർ ലോറിക്കാർ എവിടെയെങ്കിലും വെള്ളം കാണുന്ന സ്ഥലത്ത് വണ്ടി നിർത്തി ഇത് പെട്ടെന്ന് പമ്പ് ചെയ്ത് പോകുകയാണ്. അവർ ഗുണ്ടകളെയും കൊണ്ടാണ് നടക്കുന്നത്. പോലീസിനുപോലും അവരെ തടയാൻ കഴിയുന്നില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, അങ്ങ് പറയുന്നത് സമൂഹം ഏറ്റെടുക്കേണ്ട ഗൗരവമായ വിഷയമാണ്. ജലാശയങ്ങളിലും എല്ലാ തരത്തിലുള്ള ജലസ്രോതസ്സുകളിലും (Water bodies) വിസർജ്ജ്യങ്ങൾ ഒഴുക്കി വിടുകയോ, ചപ്പുചവറുകൾ വലിച്ചെറിയുകയോ, മാലിന്യങ്ങൾ നിക്ഷേപിക്കുകയോ ചെയ്യുന്നത് ജാമ്യമില്ലാത്ത കുറ്റമാക്കി വ്യവസ്ഥ ചെയ്തുകൊണ്ട് വരുത്തിയ ഭേദഗതി ഓർഡിനൻസിലൂടെയാണ് ഇറക്കിയത്. അങ്ങ് അതിനെ സ്വാഗതം ചെയ്യുന്നുണ്ടോ എന്നുകൂടി പറയാമോ?

ശ്രീ. പി. ടി. തോമസ്: തീർച്ചയായിട്ടും അതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അറസ്റ്റ് ചെയ്യും, അകത്തിടുമെന്നൊക്കെ പറഞ്ഞാൽ ഈ മാലിന്യം എവിടെ കൊണ്ടുപോയി കളയും എന്ന ചോദ്യത്തിനുകൂടി നമ്മൾ ഉത്തരം കൊടുക്കേണ്ടതല്ലേ? അതാണ്

ശ്രീ. പി. ടി. തോമസ് പറഞ്ഞ വിഷയം. എല്ലാ ജില്ലയിലും നാല് ട്രീറ്റ്മെന്റ് പ്ലാന്റെങ്കിലും ഉണ്ടായാലേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയുള്ളൂ.

ശ്രീ. മാത്യു ടി. തോമസ്: സർ, കേരളത്തിലെ ഗവൺമെന്റ് ആദ്യമായി ഇത് അഡ്രസ് ചെയ്യുകയാണ്. തിരുവനന്തപുരത്ത് വർഷങ്ങളായി മുട്ടത്തറയിലടക്കം ട്രീറ്റ്മെന്റ് പ്ലാന്റുണ്ട്. അതിന്റെ ഫുൾ കപ്പാസിറ്റിയിൽ ഇപ്പോൾ ഉപയോഗിക്കുന്നില്ല. എന്നുമാത്രമല്ല, അവിടെനിന്ന് പുറത്തു വരുന്ന സ്ലഡ്ജ് മലപോലെ കൂട്ടിയിടുകയാണ്. വളത്തിന് ഉപയോഗിക്കാനായി ആരുമത് കൊണ്ടുപോകുന്നില്ല. അതവിടെ നിൽക്കട്ടെ, കൊച്ചിയിൽ വളരെ നാമമാത്രമായിട്ടാണ്. എന്നാൽ കേരളത്തിൽ ഇത് വ്യാപകമാക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ ഇത്തവണ 50 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുകയാണ്. ആദ്യമായിട്ടാണ് നമ്മൾ ഇതിനെ അഡ്രസ് ചെയ്യുന്നത്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രമങ്ങളെയെല്ലാം ഞാൻ സ്വാഗതം ചെയ്യുകയാണ്. ഒരു മിനിട്ടുകൊണ്ട് ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ഒരു പ്രധാനപ്പെട്ട കാര്യംകൂടി പറഞ്ഞുകൊണ്ട് തുടർ ചർച്ചയ്ക്കായി മാറ്റുകയാണ്. കേരളത്തിലെ 44 നദികളിൽ 39 എണ്ണവും മാലിന്യമാണെന്നാണ് കേന്ദ്ര ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ റിപ്പോർട്ട്. വെള്ളത്തിൽ ഓക്സിജന്റെ അളവ് വളരെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ

CWRDM-ന്റെ പഠനം അനുസരിച്ച് 83 ശതമാനം കിണറുകളും മാലിന്യംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. വർഷത്തിൽ 3,000 മില്ലീ മീറ്റർ മഴ കിട്ടിയിരുന്ന കേരളത്തിൽ 2016-ൽ അത് 1,600 മില്ലീ മീറ്ററായി കുറഞ്ഞിരിക്കുകയാണ്. അതോടൊപ്പം, രാജ്യത്തെ കുപ്പിവെള്ളം സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിലെ പത്രത്തിൽ ഞെട്ടിപ്പിക്കുന്ന വാർത്തയാണ് കണ്ടത്. ശുദ്ധമാണെന്ന് വിചാരിച്ച് ഇപ്പോഴൊരു ഫാഷൻ പോലെ ട്രെയിനിലും യാത്രയിലും എല്ലാവരുടെ കൈവശവും കുപ്പിവെള്ളമാണ്. കുപ്പിവെള്ളത്തിൽ 60 ശതമാനത്തിലേറെ പ്ലാസ്റ്റിക്കിന്റെ അംശങ്ങൾ നിറഞ്ഞതും വലിയ ഗുരുതരമായ, മാരക രോഗങ്ങൾ ഉണ്ടാക്കുന്നതുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല, കേരളത്തിൽ പ്രവർത്തിക്കുന്നതടക്കമുള്ള കുപ്പിവെള്ള ഫാക്ടറികളിൽ പലതും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ഏകദേശം 30,00-ലധികം കോടി രൂപയുടെ കുടിവെള്ള വിപണനമാണ് രാജ്യത്ത് നടക്കുന്നത്. അതിൽ തോന്നുന്നതുപോലെ ലേബലൊട്ടിച്ച്, പ്രമുഖ കമ്പനികളുടെ ലേബൽ ഒട്ടിച്ചുമൊക്കെ കൊണ്ടുവരികയാണ്. കുപ്പിവെള്ളം ശുദ്ധമാണെന്ന ധാരണ തെറ്റായി വന്നിരിക്കുന്നു. അതടക്കമുള്ള കാര്യങ്ങൾ ഗൗരവതരമായി പരിശോധിക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇത് തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കാം. 10 മിനിട്ട് കഴിഞ്ഞു. ഇനിയും അഞ്ച് ബില്ലുകളുണ്ട്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഓരോന്നിനും സമയം നിശ്ചയിച്ചിട്ടില്ലല്ലോ.

അങ്ങ് പറഞ്ഞത് വളരെ ഗൗരവമുള്ളൊരു വിഷയമാണ്. സ്വകാര്യ കുടിവെള്ള കമ്പനികൾ ഇത്തരത്തിൽ ഗുണമേന്മയില്ലാത്ത കുടിവെള്ളം കൊണ്ടുവരുന്നതിന്റെ പ്രശ്നമാണല്ലോ പറഞ്ഞത്. ഇതൊക്കെ പരിഗണിച്ചുകൊണ്ടാണ് സർക്കാർ ഉടമസ്ഥതയിൽ കുടിവെള്ള വിതരണത്തിനുള്ള ഒരു പ്ലാന്റ് അരുവിക്കരയിൽ തുടങ്ങുന്നതിന് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ മന്ത്രിയായിരുന്ന കാലത്ത് തറക്കല്ലിട്ടത് ഞാൻ ഓർക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഒന്നും ഉണ്ടായിട്ടില്ല. ഇപ്പോഴത് എന്തായി എന്നെനിക്കറിയില്ല. ഒരു തവണ നിയമസഭാ സമിതി സന്ദർശിച്ചു. ഇപ്പോഴുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ചെയർമാനായ സമിതിയിൽ ഞങ്ങളൊക്കെ അംഗങ്ങളായിരുന്നു. ഞങ്ങൾ അത് പോയി പരിശോധിച്ചു. അന്ന് ഉദ്യോഗസ്ഥരെയൊക്കെ വിളിച്ചു. ഉടനെ അതിന്റെ നിർമ്മാണം പുനരാരംഭിക്കാൻ പറഞ്ഞു. ഇന്നും നടന്നിട്ടില്ല. സ്വകാര്യ കുടിവെള്ള ലോബികൾക്കുവേണ്ടി സർക്കാരിന്റെ പദ്ധതി മുടങ്ങിക്കിടക്കുന്ന സാഹചര്യം പണ്ടുമുതലേ ഉണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, അരുവിക്കരയിലെ കുപ്പിവെള്ള പ്ലാന്റിന് ആവശ്യമായ യന്ത്രോപകരണങ്ങൾ ഇറക്കുമതി ചെയ്തത് ജപ്പാനിൽ നിന്നാണ്. അത് കഴിഞ്ഞ ആഴ്ച ഇറക്കുമതി ചെയ്തു. ഈ വർഷം വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം വിപണിയിലിറങ്ങും.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞ കാര്യം വളരെ

ഗൗരവമുള്ളതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് തൊടുപുഴയിൽ വാട്ടർ അതോറിറ്റി മാതൃകാപരമായ ഒരു കുപ്പിവെള്ള പ്ലാന്റ് തുടങ്ങിയിരുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശുദ്ധജലം എല്ലാവരുടെയും അവകാശമാണ്. പക്ഷേ ചെറിയൊരു മനസ്സ് വച്ചാൽപോലും കൊടുക്കാവുന്ന കുടിവെള്ളത്തിന്റെ കാര്യത്തിൽ സത്യത്തിൽ ഡിപ്പാർട്ടുമെന്റും ബഹുമാനപ്പെട്ട മന്ത്രിയും അടക്കമുള്ള ആളുകൾ താൽപര്യമെടുക്കുന്നില്ല എന്നതാണ് ഇപ്പോഴത്തെ ഒരവസ്ഥ. ഈ സഭ ആരംഭിച്ച അന്നുമുതൽ എന്റെ നിയോജകമണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിക്കാൻ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിരുന്നു; കുടിവെള്ളക്ഷാമം രൂക്ഷമായ സമയത്ത്. ഈ സെഷൻ അവസാനിക്കാൻ പോകുകയാണ്. അവിടെ ടാങ്കിൽ വെള്ളമുണ്ട്. അത് കൊടുക്കാനുള്ളൊരു സൗകര്യമുണ്ടാക്കിയാൽ നന്നായിരിക്കും. എം.ഡി.-യുടെ അടുത്ത് ഫയലുണ്ട്. ഇതടക്കമുള്ള കാര്യങ്ങൾ നമ്മുടെ അവകാശമല്ലേ?

<u>ശ്രീ. പി. ടി. തോമസ്</u>: ബഹുമാനപ്പെട്ട മന്ത്രി അക്കാര്യമൊക്കെ ഗൗരവത്തോടെ ശ്രദ്ധിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ഇനിയും പല സുഹൃത്തുക്കളുമുള്ളതുകൊണ്ട് ഞാൻ ഈ ചർച്ച തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശ്രീ. പി. ടി. തോമസ് ഇവിടെ

സംസാരിക്കുമ്പോൾ പറഞ്ഞു, 44 നദികളിൽ 39 നദികളും ഇപ്പോൾ മലിനമായി കിടക്കുകയാണ്. ബാക്കിയുള്ള 5 നദികൾ ഏതൊക്കെയാണെന്ന് അങ്ങ് പറയുമോ?

ശ്രീ. പി. ടി. തോമസ്: സർ, പാമ്പാർ അടക്കമുള്ള നാല് നദികളാണ് ഇപ്പോൾ മാലിന്യമില്ലാത്തതായി ഉള്ളത്. ഈ ചർച്ച തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

iv) 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. ആർ. രാജേഷ്: സർ, 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 445, 446 പ്രകാരം ബഹുമാന്യനായ അംഗം ശ്രീ. ആർ. രാജേഷ് തന്റെ അനൗദ്യോഗിക ബില്ലിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും നിവർത്തിക്കപ്പെടും എന്നതിനാൽ നാലാം നമ്പർ അനൗദ്യോഗിക ബിൽ പരിഗണിക്കേണ്ടതില്ല എന്നുള്ളതാണ് സർക്കാരിന്റെ അഭിപ്രായം.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, എല്ലാം നിവർത്തിക്കപ്പെടും എന്ന് ബഹു മന്ത്രി പറഞ്ഞു, മുനിസിപ്പാലിറ്റി ബില്ലിൽ ഈ കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. പക്ഷെ അതിനാവശ്യമായ നടപടികൾ ഫലപ്രദമായി സ്വീകരിക്കുന്നില്ല എന്നതാണ് ആക്ഷേപം. അതുകൊണ്ടാണ് 446-ാം വകുപ്പിന്റെ ഒരു ഭേദഗതിയെന്ന നിലയിൽ 'ബി' എന്ന ഉപവകുപ്പുകൂടി ഇതിന്റെ കൂടെ ചേർക്കണമെന്ന് ഈ ബില്ലിന്റെ ഭാഗമായി ആവശ്യപ്പെടുന്നത്. നഗരപ്രദേശങ്ങളിലെ ഗാർഹിക മേഖലകളിൽ ചെറുകിട കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ, ശാസ്ത്രീയവും പരിസ്ഥിതി സൗഹാർദ്ദപരവുമായ ബയോഗ്യാസ് പ്ലാന്റ് വൈദ്യുത ഉൽപ്പാദനമടക്കമുള്ള ഊർജ്ജോൽപ്പാദനസൗകര്യങ്ങളോടുകൂടി മാറ്റേണ്ടതാണെന്നതാണ് ഈ ഭേദഗതി. തൊട്ടുമുൻപ് കുടിവെള്ളത്തെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കുമ്പോഴും, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു; കേരളത്തിലെ 87-ഓളം വരുന്ന നഗരസഭകളിൽ ഇത്തരം ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഇല്ലാത്തതിന്റെ ഭാഗമായി ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നതിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ജനസാന്ദ്രതയേറിയ നഗരങ്ങൾ കേരളത്തിലാണ്. ഏഷ്യയിൽ തന്നെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പട്ടണങ്ങളും കേരളത്തിലുണ്ട്. ഇവിടെ വിവിധങ്ങളായ പ്രശ്നങ്ങൾ നിലനിൽക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് മലിനീകരണം. ഇതൊന്നും ക്ഷീരമേഖല

ശക്തിപ്പെടരുതെന്നതിന്റെ ഭാഗമായിട്ടല്ല, ശക്തിപ്പെടണം. ഇത്തരം കാര്യങ്ങൾകൂടി ഫലപ്രദമായി നിർവ്വഹിച്ചെങ്കിൽ മാത്രമേ നമ്മുടെ ക്ഷീരമേഖലയെക്കൂടി സംരക്ഷിച്ചുകൊണ്ട് പോകാനാകൂ. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ മുനിസിപ്പാലിറ്റികളിൽ നടക്കുന്നുണ്ട്, നിവർത്തിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. പക്ഷെ ഇത്തരം പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്കെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാനും, ഇത്തരം ആളുകളെ സഹായിക്കുന്നതിനും വേണ്ടിയുള്ള ഇടപെടൽ നടത്തണം. ക്ഷീരകർഷകർക്ക് എന്തെങ്കിലും പരാതിയുണ്ടായാൽ ആ പരാതി വരുന്നതിന്റെ ഭാഗമായി അതിന് സ്റ്റോപ് മെമ്മോ കൊടുക്കുക, അത് നിർത്തിവയ്ക്കുക, അന്യായമായി നീട്ടിക്കൊണ്ടു പോകുക. എന്നാൽ അവരെന്താണ് ചെയ്യേണ്ടത് അതിൽ കൃത്യമായി നടപടികൾ സ്വീകരിക്കണം. എന്താണ് അവർ ചെയ്യേണ്ട ശാസ്ത്രീയമായ സംസ്കരണം? ഇത്തരം മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ശാസ്ത്രീയമായ പ്രവർത്തനങ്ങൾ, അത് വളരെ സമയബന്ധതമായി നടപ്പിലാക്കുകയെന്നതാണ് ഇതിന്റെ ഒരു ഭേദഗതിയെന്ന നിലയിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ചർച്ച തുടരണമെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു. (ചർച്ച തുടരും)

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, 2018-ലെ കേരളാ ഗാർഹിക പരിസരത്തും പൊതു സ്ഥലങ്ങളിലുമുള്ള മദ്യപാനം തടയൽ ബില്ലിന് അവതരണാനുമതി

നൽകണമെന്ന പ്രമേയം അവതരിപ്പിക്കുകയാണ്.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മുഖ്യമന്ത്രിക്ക് പകരം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നമ്മുടെ നാട്ടിൽ മദ്യപാനാസക്തിയും മദ്യപാനവുംമൂലമുള്ള പ്രശ്നങ്ങൾ വലിയ തോതിൽ സാമൂഹ്യവെല്ലുവിളികൾ ഉയർത്തുന്നുണ്ട്. അതിനാലാണ് ശ്രീമതി യു. പ്രതിഭ ഹരി കേരള ഗാർഹിക പരിസരത്തും പൊതു സ്ഥലങ്ങളിലുമുള്ള മദ്യപാനം തടയൽ ബില്ലിന് അവതരണാനുമതി തേടിയിരിക്കുന്നത്. മദ്യപാനവും മദ്യപാനാസക്തിയും ഉയർത്തുന്ന വെല്ലുവിളികൾ വിവിധ മാർഗ്ഗങ്ങളിലൂടെ ഫലപ്രദമായി നേരിടേണ്ടതാണെന്ന കാര്യത്തിൽ സർക്കാരിന് യാതൊരു എതിരഭിപ്രായവുമില്ല, അതിനോട് യോജിക്കുന്നു. പ്രസ്തുത വെല്ലുവിളികളെ നിയമപരമായി നേരിടുന്നതിന് ഈ ബില്ലുകൊണ്ട് മാത്രം കഴിയുമോ എന്നകാര്യം കൂടുതൽ പരിശോധന ആവശ്യമുള്ളതാണ്. നിലവിലുള്ള 1960-ലെ ഇന്ത്യൻ ശിക്ഷാ നിയമം, 2011-ലെ കേരളാ പോലീസ് ആക്ട്, 2005-ലെ ഗാർഹിക പീഡന നിയമം, കേരള അബ്കാരി ആക്ട് എന്നീ നിയമങ്ങളിലെ വ്യവസ്ഥകൾ ഉൾക്കൊണ്ടിട്ടുള്ള കാര്യങ്ങളും ഇതിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലിനെപ്പറ്റി കൂടുതൽ പരിശോധന ആവശ്യമാണ്, പൊതുസ്ഥലങ്ങളിൽ മദ്യപിക്കുന്നവർക്കെതിരായി കർശന നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിയമഭേദഗതികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബില്ലിൽ

പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഗാർഹിക പരിസരത്ത് നടത്തുന്ന മദ്യപാനം ശിക്ഷാർഹമാക്കി പ്രഖ്യാപിച്ചാൽ അത് ഭരണഘടനയുടെ 21-ാം അനുച്ഛേദം ഉറപ്പു നൽകുന്ന സ്വകാര്യതയ്ക്കുള്ള അവകാശത്തിനെതിരാകുമോ എന്ന കാര്യവും നിയമപരമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. വ്യക്തമായ നിർവ്വചനങ്ങളോ, നടപടിക്രമങ്ങളോ ഇല്ലാതെ നമുക്കൊരു നിയമം പാസ്സാക്കാൻ പ്രയാസമാണ്. അങ്ങനെ ചെയ്താൽ വ്യവസ്ഥകൾ ദുരുപയോഗപ്പെടുത്താനുള്ള സാധ്യത വളരെ കൂടുതലാണ്. അവതാരകയുടെ ഉദ്ദേശ്യശുദ്ധിയെ സർക്കാർ പൂർണ്ണമായി അംഗീകരിക്കുന്നതിനോടൊപ്പംതന്നെ ഈ കാര്യത്തിൽ കൂടുതൽ വ്യക്തതയോടു കൂടിയുള്ള നിലപാടുകൾ നമുക്ക് എടുക്കേണ്ടിവരുമെന്നുള്ളതിനാൽ ഈ സഭയിൽ ഈ ബിൽ അംഗീകരിക്കുന്നില്ല, പാസ്സാക്കേണ്ടതില്ലന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, സംസ്ഥാനത്ത് മദ്യാപാനാസക്തിയും മദ്യപാനം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളും വലിയ തോതിൽ സാമൂഹ്യവെല്ലുവിളികൾ ഉയർത്തുന്നതുകൊണ്ട്, സർക്കാർ ധാരാളം നടപടികൾ ഇക്കാര്യത്തിൽ എടുക്കുന്നുണ്ടെങ്കിൽ പോലും, നമ്മൾ മദ്യപാനശീലത്തിനെതിരെ നടത്തുന്ന പ്രയത്നങ്ങൾ വേണ്ടത്ര വിജയം കൈവരിക്കുന്നില്ല. നമ്മുടെ ഗാർഹിക പരിസരങ്ങളും പൊതു സ്ഥലങ്ങളും മദ്യപാനമുക്തമാകുന്നതിന്റെ ആവശ്യകത അത്യന്താപേക്ഷിതമായിരിക്കുന്നതിലാണ് നിയമനിർമ്മാണം അനിവാര്യ

മായിരിക്കുന്നതെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഏകദേശം 59 ശതമാനം കുറ്റകൃത്യങ്ങളും 40 ശതമാനം റോഡപകടങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടാകുന്നത് മദ്യപാനംമൂലമാണെന്ന് പറയുന്നുണ്ട്. അമിതമദ്യപാനികളുടെ എണ്ണം ദൈനംദിനം കൂടി വരുന്നു. പെഗ്ഗിൽ കഴിക്കുന്നവരല്ല, കുപ്പിയോടെ മദ്യം കഴിക്കുന്നവരുടെ എണ്ണമാണ് ഇപ്പോൾ നാട്ടിൽ വർദ്ധിച്ചു വരുന്നത്. ആൽക്കഹോൾ ആൻഡ് ഡ്രഗ് ഇൻഫർമേഷൻ സെന്ററിന്റെ ഒരു വിവരമനുസരിച്ച് കേരളത്തിൽ 18 വയസ്സിൽ താഴെയുള്ള കുട്ടികളാണ് 18 ശതമാനത്തോളവും മദ്യം ഉപയോഗിക്കുന്ന ഉപഭോക്താക്കളെന്ന് കണ്ടു വരുന്നു. മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായം 21 വയസാണെന്ന് പറയുന്നുണ്ട് , എങ്കിലും പലപ്പോഴും 15, 16 വയസുള്ള കുട്ടികളുടെ ഇടയിൽപ്പോലും, മദ്യത്തിന്റെ ഉപയോഗം വരുന്നുണ്ട്. മദ്യം ഉപയോഗിച്ചതിനുശേഷം സെക്ഷ്വൽ ഹരാസ്മെന്റ്, മോഷണം തുടങ്ങിയ ധാരാളം സാമൂഹ്യതെറ്റിലേയ്ക്ക്, കുറ്റകൃത്യങ്ങളിലേയ്ക്ക് ഈ പ്രായത്തിലുള്ള കുട്ടികളടക്കം പോകുന്നതുകൊണ്ടാണ് ഇത്തരത്തിൽ ഒരു നിയമനിർമ്മാണം വേണമെന്നുള്ള രൂപത്തിൽ ഇതുപോലുള്ള ഒരു ബില്ല് അവതരിപ്പിക്കുന്നത്. സ്റ്റേറ്റ് പോപ്പുലേഷന്റെ 34 ശതമാനം പേരും, ആൽക്കഹോൾ ഉപയോഗിക്കുന്നുണ്ടെന്ന് ഒരു കണക്ക് പറയുന്നു. ശാസ്ത്രസാഹിത്യ പരിക്ഷത്ത് നടത്തിയ സ്റ്റഡിയിൽ 45 ശതമാനം പുരുഷൻമാരും,

15-നും 49-നും ഇടയ്ക്കുള്ളവർ, ആൽക്കഹോൾ ഉപയോഗിക്കുന്നതായിട്ടാണ് പറയുന്നത്. മനുഷ്യരുടെ ഇടയിൽ മദ്യപാന ശീലത്തിന് നൂറ്റാണ്ടുകളുടെ തന്നെ പഴക്കമുള്ളതായി പറയാം. സ്വാതന്ത്ര്യാനന്തര ജനാധിപത്യ സമൂഹത്തിൽ മദ്യം ഉൽപ്പാദിപ്പിക്കുന്നതിനും മദ്യം വിൽക്കുന്നതിനുമൊക്കെ അനുവദനീയ നിയമങ്ങളൊക്കെയുണ്ട്. പലപ്പോഴും നിയമവ്യവസ്ഥകൾ പാലിക്കുന്നതിന് തർക്കവിതർക്കങ്ങൾ ഉണ്ടാകുമ്പോൾ ബഹുമാനപ്പെട്ട കോടതിയുടെ ഇടപെടലും തീർപ്പു കൽപ്പിക്കലും ഒക്കെ ഇതിൽ നടക്കുന്നുണ്ട്. പക്ഷെ ഒരു നിരോധനംകൊണ്ട് ജനങ്ങളുടെ ഇടയിൽ മദ്യപാന ശീലത്തെ മാറ്റാൻ കഴിയുമെന്ന് വിശ്വസിക്കാൻ കഴിയുകയില്ല. മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ തന്നെ പ്രഖ്യാപിത നയമായിട്ട് പറയുന്നത്. നിരോധനത്തെക്കാൾ ഏറെ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതായിട്ടുണ്ടെന്നാണ് ഈ ബില്ല് ചൂണ്ടിക്കാണിക്കുന്നത്. അത്തരത്തിൽ ഒരു നിയന്ത്രണത്തിന്റെ അനിവാര്യതയിലേയ്ക്കാണ് ഈ ബിൽ വിരൽ ചൂണ്ടുന്നത്. എവിടെയായാലും നിയമാനുസൃതമായ സ്ഥലത്തിരുന്ന് മദ്യം കഴിച്ചാലും, മറ്റെവിടെയിരുന്ന് മദ്യം കഴിച്ചാലും അതുമൂലമുള്ള ദൂഷ്യഫലങ്ങൾ ഒന്നു തന്നെയാണ്. കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് ശുഭ എന്നു പറയുന്ന സ്ത്രീയെ ഭർത്താവ് മദ്യപിക്കാൻ പണം കൊടുക്കാത്തതുമൂലം മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തി കൊലപ്പെടുത്തുകയുണ്ടായി, ആലപ്പുഴയിൽ അമ്മയോട് മകൻ മദ്യപിക്കാൻ പണം ചോദിച്ച്

കൊടുക്കാതിരുന്നതിന്...., ഇന്ന് സമൂഹത്തിൽ നടക്കുന്ന പല ക്രൈമിന്റേയും പിന്നിൽ മദ്യപാനശീലമുണ്ട്. ഞാൻ അതും സൂചിപ്പിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഈ പ്രൈവറ്റ് ബില്ലിനെ ഞങ്ങൾ എല്ലാപേരും സ്വാഗതം ചെയ്യുന്നു. കാരണം ഇന്നത്തെ കാലഘട്ടത്തിൽ വളരെ അനിവാര്യമായിട്ടുള്ള, വളരയേറെ ലഹരി വ്യാപിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഇങ്ങനെയൊരു പ്രൈവറ്റ് ബിൽ കൊണ്ടുവന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ തന്നെ മദ്യവർജ്ജനത്തിൽ മദ്യത്തിന്റെ ലഭ്യത ഒരു പ്രധാന ഘടകമാണ്. മദ്യത്തിന്റെ ലഭ്യതകൂടി കുറയേണ്ടതല്ലേ? ഇപ്പോൾ നമ്മുടെ ഗവൺമെന്റിന്റേത് മദ്യം വ്യാപകമാക്കുന്ന നിലപാടാണ്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ ഒരു അഭിപ്രായം കൂടി രേഖപ്പെടുത്തിയാൽ നന്നായിരുന്നു.

ശ്രീ. ആർ. രാജേഷ്: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തേക്കാൾ അധികമായി ഒരു തുള്ളി മദ്യം പോലും ഈ സർക്കാർ വിൽക്കുന്നില്ല എന്നതുകൂടി അങ്ങയുടെ ശ്രദ്ധയിലുണ്ടല്ലോ.

ശ്രീ. എ. എൻ. ഷംസീർ: സർ, ഒരു സംശയം ബഹുമാനപ്പെട്ട മെമ്പറോട്, ഈ മദ്യാസക്തിക്കെതിരെ നമ്മളെല്ലാപേരും കൃത്യമായി നിലപാടെടുത്തു പോകുന്നവരാണ്, മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കണം അതിലൊന്നും തർക്കമില്ല.

പക്ഷെ നമ്മൾ ഓരോ ഫെസ്റ്റിവൽ കഴിയുമ്പോഴും ബിവറേജസ് ഔട്ട്‌ലെറ്റിൽ വിറ്റ മദ്യത്തിന്റെ കണക്കുവരും, അങ്ങനെ കണക്കുവന്നപ്പോൾ തിരൂരിലായിരുന്നു ഏറ്റവും കൂടുതൽ മദ്യം വിറ്റത് എന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടായിരുന്നോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പറഞ്ഞ കാര്യങ്ങൾ തന്നെയാണ്, ഒന്നുകൂടി പറയുകയാണ്, ഇന്നലെ അരീക്കോട് അച്ഛൻ ഒരു മകളെ, പിറ്റേദിവസം വിവാഹം നടക്കുന്ന, ഇന്ന് വിവാഹം നടക്കേണ്ട മകളെയാണ് ഇന്നലെ കുത്തിക്കൊന്നത്. നാലുമണിക്ക് വയറു നിറയെ മദ്യം കഴിച്ചതിനുശേഷമാണ് ഈ ക്രൂരകൃത്യം ചെയ്തത്. ഇങ്ങനെ കേരളത്തിൽ ഏത് ക്രൈമിന്റേയും പിന്നിൽ പരിശോധിച്ചാൽ മദ്യമാണെന്ന് നമുക്ക് കണ്ടെത്താൻ കഴിയും. ഇത് വ്യാപകമാകുന്നതോടുകൂടി, ക്രൈമിന്റെ സാധ്യത കൂടുകയാണ്. ഇവിടെ മേശപ്പുറത്ത് കിട്ടുന്ന വെള്ളം അത് പെട്ടെന്ന് എടുത്ത് കുടിക്കും, അപ്പുറത്താണ് വെള്ളമുള്ളതെങ്കിൽ അത് കുടിക്കാൻ സമയമെടുക്കും. ഇതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഇവിടെ പറഞ്ഞ ഒരു കാര്യത്തിൽ, നമ്മൾ കേരളത്തിൽ പുതിയ ബാറുകളൊന്നും തുറക്കുന്നില്ല, നല്ല ഒരു ഉദ്ദേശ്യത്തോടു കൂടിയാണ് ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. ഇതിൽ മറ്റു ദുരുദ്ദേശ്യങ്ങൾ ആവശ്യമില്ല. ഇവിടെ പുതിയ ബാറുകൾ അനുവദിക്കുകയാണെന്നും, എൽ.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് മദ്യം ഒഴുക്കുകയാണെന്നുമുള്ള

പ്രചരണം ഉണ്ട്, അത് സത്യമല്ല. പുതിയ മദ്യശാല തുറക്കുന്നതിന് എൽ.ഡി.എഫ്. സർക്കാർ അനുമതി നൽകിയിട്ടില്ല. പുതുതായി ഒന്നും വന്നിട്ടില്ല, പുതുതായി ഒരു കാര്യവും കേരളത്തിൽ സംഭവിച്ചിട്ടില്ലെന്നതാണ് ഒരു കാര്യം, മറ്റു രാഷ്ട്രീയ ചർച്ചകളിലേയ്ക്ക് വരാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് ലോകത്ത് മനുഷ്യൻ കടലിൽ മുങ്ങി മരിക്കുന്നതിനേക്കാൾ കൂടുതൽ മദ്യത്തിൽ മുങ്ങി മരിക്കുകയാണ്. ഇത് തുടർ ചർച്ചക്കായി മാറ്റി വയ്ക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർ ചർച്ചക്കായി ഈ ബില്ല് മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

4(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിലെ പക്ഷിമൃഗസങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച ഈ ബിൽ ഇതിനോടകം നമ്മുടെ സഭയിൽ രണ്ടുതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സമഗ്രവും സർവ്വതല സ്പർശിയുമായ ചർച്ച ഈ വിഷയത്തിൽ നമുക്കാവശ്യമാണ്. ഈ ബില്ലിൽ അടങ്ങിയിട്ടുള്ള ആശയം, ആധുനികകാലത്ത് കൂടുതൽ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന

മനുഷ്യരെ സംബന്ധിച്ചിടത്തോളം നമ്മുടെ കാഴ്ചപ്പാടുകളുടെ വികാസത്തിന്റെ ഭാഗം കൂടിയാണ്. ഭൂമിയും പ്രപഞ്ചമാകെയും മനുഷ്യർക്ക് മാത്രം അവകാശപ്പെട്ടതല്ലെന്നും മനുഷ്യർക്കെന്നപോലെ മറ്റെല്ലാ ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ അവരുടെ സ്വാഭാവികമായ പരിതസ്ഥിതിയിൽ നിലനിൽക്കാൻ അവകാശമുണ്ടെന്നുള്ള ബോധത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് നമ്മുടെ സഭ ഈ ബിൽ ചർച്ച ചെയ്തിട്ടുള്ളത്. ഇവിടെയിപ്പോൾ വളരെ പരിമിതമായ സമയമേ നമ്മുടെ മുൻപിലുള്ളൂ, മറ്റ് ബില്ലുകൾ കൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. ഈ ബിൽ തന്നെ കൂടുതൽ സമയമെടുത്ത് ചർച്ച ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഈ സാഹചര്യം പരിഗണിച്ച് നമുക്കിത് തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കണം എന്നഭ്യർത്ഥിച്ചുകൊണ്ട് മറ്റു ബില്ലുകൾ പരിഗണിക്കേണ്ട സാഹചര്യമൊരുക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: രണ്ടു മിനുട്ടുകൂടി സംസാരിക്കാവുന്നതാണ്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, അടുത്ത ബില്ലെടുക്കാൻ വേണ്ടി ഞാൻ സൗകര്യം ചെയ്തതാണ്, തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കണം

(ബിൽ തുടർചർച്ചയ്ക്കായി മാറ്റി വച്ചു)

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ഞാൻ പറഞ്ഞു വന്നത്, ഈ ബില്ലുകളൊക്കെ തുടർ ചർച്ചക്കായി മാറ്റിവയ്ക്കുകയാണ്. ഇത് ഈ സഭയുടെ മാത്രം പ്രശ്നമല്ല, കാലാകാലങ്ങളായി തുടരുന്നതാണ്. മുൻപും ഇതു പോലെ തന്നെ ബഹുമാനപ്പെട്ട

ചെയറിന്റെ സജഷന് വിധേയമായി ഞാൻ ഒരു ബിൽ തുടർചർച്ചയ്ക്കായി മാറ്റി വച്ചിട്ടുണ്ട്. നാളിതുവരെ അത് പുറത്തു വന്നിട്ടില്ല. ബർമുഡ ട്രയാംഗിളിന്റെ മുകളിൽക്കൂടി വിമാനം പോയാൽ, കപ്പൽ പോയാൽ അവ പിന്നെക്കാണില്ല, അതുപോലെയാണ് ബില്ലുകളുടെ സ്ഥിതി. തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റി വച്ചാൽ പിന്നെ ഇതൊരിക്കലും തിരിച്ചു വരുന്നില്ല, ആ സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം വളരെ ഗംഭീരമായി പഠിച്ച് തയ്യാറായി നിയമനിർമ്മാണത്തിന് സജ്ജമായി വന്നതാണ്. അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുറച്ചു കൂടി സമയം അവർക്ക് കൊടുക്കണം, ഇതിനകത്ത് ഇപ്പോഴെന്തെങ്കിലും ചെയ്യാനല്ല പറയുന്നത്. ഇത് ഗൗരവമായി ചെയർ ആലോചിക്കണം എന്നു പറയുകയാണ്.

(ii) <u>2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബിൽ</u>

(ശ്രീ. വി. ടി. ബൽറാം സഭയിയിലില്ലാത്തതിനാൽ ബിൽ പരിഗണിച്ചില്ല)

(iii) <u>2017- ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ</u>

<u>ശ്രീ. കെ. രാജൻ</u>: സർ, 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലാണിത്. ഇത്

മുൻപ് ഒരു തവണ സഭയുടെ മുമ്പാകെ അവതരിപ്പിച്ചതാണ്. എന്നാൽ വളരെ വിശാലമായിട്ടുള്ള ഒരു പ്രശ്നമാണ് ഈ ബില്ലിലൂടെ സഭയിൽ ചർച്ച ചെയ്യേണ്ടത് എന്നുള്ളതുകൊണ്ട് ആവശ്യമായ സമയം ലഭിക്കാത്ത സാഹചര്യത്തിലാണ് വീണ്ടും ഈ ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചത്. ഇപ്പോഴുള്ള പ്രശ്നം, വിചാരിക്കുന്ന പ്രശ്നത്തിന്റെ അന്ത:സ്സത്ത പൂർണ്ണമായി പ്രകടിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ചർച്ചയ്ക്കാവശ്യമായ സമയം നമ്മുടെ കയ്യിൽ ഇല്ല എന്നുള്ളതുകൊണ്ട് വീണ്ടും വിശദമായി ചർച്ച നടത്തേണ്ടതുണ്ടെന്ന് ആമുഖമായി സൂചിപ്പിക്കുകയാണ്. കേരളത്തിലെ പത്രപ്രവർത്തന രംഗത്തെ നട്ടെല്ലായി പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട മേഖലയാണ് പ്രാദേശിക പത്രപ്രവർത്തന മേഖല. പത്ര-ദൃശ്യ മാധ്യമ രംഗത്ത് ഏതാണ്ട് 80 ശതമാനത്തിലധികം വാർത്തകളും നൽകുന്നത് പ്രാദേശിക പത്രപ്രവർത്തകരാണ്. പ്രാദേശിക പത്രപ്രവർത്തകർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, പ്രാദേശികമായ പത്രങ്ങളുടെ ലേഖകരും, പ്രധാന പത്രങ്ങളുടെ പ്രാദേശിക ലേഖകരും, പ്രാദേശിക ഫോട്ടോഗ്രാഫർമാരും ഉൾപ്പെടെയുള്ളവരാണ്. ഇത്തരത്തിൽ ഏതാണ്ട് 3000 പേർ ഈ രംഗത്ത് പ്രവർത്തിക്കുകയാണ്. നഗരങ്ങളും, ഗ്രാമങ്ങളും, താലൂക്ക് മണ്ഡലവും കേന്ദ്രീകരിച്ച് പണിയെടുക്കുന്ന ഇവർക്ക് യാതൊരു തൊഴിൽ സുരക്ഷിതത്വവും നിലവിൽ നമ്മുടെ മുൻപിലില്ല. ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് തുടക്കം കുറിച്ച മലയാള പത്രമാധ്യമ പ്രവർത്തനത്തിന് ഏതാണ്ട് 170 വയസ്സ് തികയുന്ന

ഘട്ടത്തിലാണ് ഇത്തരം പ്രധാനപ്പെട്ട ഒരു ബിൽ സഭയുടെ മുമ്പാകെ വയ്ക്കാൻ ആഗ്രഹിക്കുന്നത്. ഇവർക്ക് യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ല. എന്നുമാത്രമല്ല നാട്ടിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം പോലും ഇവർക്ക് ലഭിക്കുന്നില്ല. 600/- രൂപയെങ്കിലും ഡെയ്‌ലി വേജസ് തൊഴിലാളിക്ക് നൽകണമെന്ന് കേരളത്തിന്റെ തൊഴിൽനയം തന്നെ പറയുന്നുണ്ട്. എന്നാൽ ഈ വിഭാഗത്തിലുള്ളവർക്ക് ഇപ്പോഴും മാസം 1000/- രൂപയ്ക്കും 1500/- രൂപയ്ക്കും ഇടയിലുള്ള തുകയാണ് ലഭിക്കുന്നത്. ആരോഗ്യചികിത്സാ പദ്ധതികളൊന്നും ഇവർക്കായില്ല, ക്ഷേമനിധിയില്ല, സൗജന്യ യാത്രാസൗകര്യങ്ങളില്ല. എന്നാൽ രാപ്പകൽ വാർത്തകൾ സംഭരിക്കുന്നതിനുവേണ്ടി കടന്നു ചെല്ലുന്നത് പ്രതിഫലം പ്രതീക്ഷിച്ചല്ല, കേരളത്തിലെ മാധ്യമപ്രവർത്തനം എന്ന വളരെ പ്രധാനപ്പെട്ട പ്രവർത്തനം നടത്താനുള്ള ആഗ്രഹത്തിന്റെ പുറത്താണ് ഇവർ മാധ്യമപ്രവർത്തനം പ്രാദേശികമായി സംഘടിപ്പിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അങ്ങ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത് പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെക്കുറിച്ചാണ്. പല പ്രാദേശിക പത്രപ്രവർത്തകരും ഫുൾടൈം ജോലിയായല്ല ഇത് ചെയ്യുന്നത്. അവർ അദ്ധ്യാപനം, മറ്റ് സർവീസുകൾ എന്നിവയിൽ പ്രവർത്തിക്കുന്നവരായിരിക്കും, അതിനിടയ്ക്ക് പാർട്ട് ടൈമായാണ് പ്രാദേശിക പത്രപ്രവർത്തകരായി ജോലി ചെയ്യുന്നത്. അവരെക്കൂടി ക്ഷേമനിധിയിൽ

കൊണ്ടു വരണം എന്ന് അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ മുഴവുൻ സമയ പത്രപ്രവർത്തകർക്കുമാത്രം ക്ഷേമനിധി കൊണ്ടുവരണമെന്നല്ല ഉദ്ദേശിച്ചത്. പത്രപ്രവർത്തന രംഗത്ത് വിരാജിക്കുന്ന എല്ലാ വിഭാഗങ്ങൾക്കും ഇത് ഉപയോഗപ്പെടണം എന്നാണ് ആഗ്രഹിക്കുന്നത്. ഇവർ സർക്കാർ സർവീസിൽ പോയി അതിന്റേതായ ആനുകൂല്യങ്ങൾ നേടി, അതിന്റെ ഭാഗമായി പത്രപ്രവർത്തന രംഗത്തേയ്ക്ക് വന്നവരല്ല. പ്രാദേശിക പത്രപ്രവർത്തനം നടത്താൻ ഒരു സഹായവും ലഭിക്കാത്തതുകൊണ്ട് വീട്ടിലെ ദുരിതങ്ങൾക്ക് പരിഹാരം കാണാനായി എന്തെങ്കിലും പുറംപണികൾക്ക് അപൂർവ്വമായി ആളുകൾ പോകുന്നുണ്ടായിരിക്കും. പക്ഷേ സമൂഹത്തിന്റെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മനുഷ്യരെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അതിൽ പ്രാദേശിക പത്രപ്രവർത്തകരും ഉൾപ്പെടും, അവർ സമൂഹത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ കേരള ബഡ്ജറ്റിൽ ഇവർക്കായി ഒരു കോടി രൂപ മാറ്റിവച്ചു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടു കോടി രൂപ മാറ്റിവച്ചു. എന്നാൽ ഇതുവരെ ഒരു നടപടിയുമെടുത്തിട്ടില്ല. പ്രാദേശിക പത്രപ്രവർത്തകരടക്കം കരാർ തൊഴിലാളികളെ സ്ഥിരം ജീവനക്കാരായി കണക്കാക്കി അവർക്കുവേണ്ടി ക്ഷേമനിധി ആരംഭിക്കാമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ പറഞ്ഞതാണ്. അന്ന് തടസ്സമായി

ബന്ധപ്പെട്ടവർ പറഞ്ഞിരുന്നത് വേജ് ബോർഡിന്റെ പരിധിയിൽ ഈ വിഷയം ഇല്ലായെന്നാണ്. ഇത് തികച്ചും തെറ്റായ ഒരു കാര്യമാണ്, കാരണം കേന്ദ്രസർക്കാർ അംഗീകരിച്ച അവസാനത്തെ വേജ് ബോർഡിൽ രണ്ടു സ്ഥലത്ത് പ്രാദേശിക പത്രപ്രവർത്തകരെക്കുറിച്ച് വളരെ കൃത്യമായി പറയുന്നുണ്ട്.

ശ്രീ. ടി. വി. രാജേഷ്: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രാദേശിക മാധ്യമപ്രവർത്തകർക്ക് കേന്ദ്രസർക്കാർ കൊണ്ടു വന്ന, നിലവിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ അംഗമാകാമെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഇവിടെ പരാമർശിച്ച ക്ഷേമനിധിയിൽ ഇവർക്ക് അംഗമാകുന്നതിന്, രണ്ടു തരത്തിലുള്ള പരാമർശമുണ്ട്, അതിലൊന്ന് വേജ് ബോർഡിന്റെ പരാമർശത്തിൽ ഇവർ ഉൾപ്പെട്ടിരുന്നില്ല എന്നതാണ്. എന്നാൽ ഇപ്പോൾ രണ്ടു സ്ഥലത്ത് ഉൾപെട്ടു. ഇതുമായി ബന്ധപ്പെട്ട് പത്രമുതലാളിമാർ സമർപ്പിച്ചിട്ടുള്ള അന്യായത്തിൽ സുപ്രീംകോടതിയിൽ വിധി പറഞ്ഞിട്ടുള്ളത് കേരളത്തിന്റെ ആദരണീയനായ ഗവർണ്ണർ ജസ്റ്റിസ്. പി. സദാശിവം ചീഫ് ജസ്റ്റിസായിരുന്ന ബെഞ്ചാണ്. സ്വാഭാവികമായും നമ്മുടെ നാട്ടിലെ പ്രാദേശിക പത്രപ്രവർത്തകരുടെ ദുരിതങ്ങളും ദുഃഖങ്ങളും മാറ്റാൻ, അവർക്ക് സമൂഹത്തിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന പ്രശ്നമാണ് ഈ ബില്ലിന്റെ ഭാഗമായി ഞാൻ ഉന്നയിക്കുന്നത്. വളരെ ദീർഘമായ ചർച്ചകൾ

ഇതിനാവശ്യമാണ്. പതിനായിരക്കണക്കിന് ആളുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സാധാരണ നാട്ടിൻ പുറത്തുപോലും രണ്ടോ മൂന്നോ പ്രാദേശിക ടി.വി. ചാനലുകൾ ഇപ്പോൾ സജീവമാണ്. പത്രമാധ്യമങ്ങിൽ നേരത്തെയുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി സംസ്ഥാന വാർത്തകളിൽ നിന്നും വ്യത്യസ്തമായി പ്രാദേശിക വാർത്തകളുടെ ഒരു വല്ലാത്ത കുത്തൊഴുക്കുണ്ട്. താലൂക്ക് തലത്തിലുള്ള എഡിഷൻ, മണ്ഡലം തലത്തിലുള്ള എഡിഷൻ, നാളെ കൂടുതൽ വാർത്ത കിട്ടാൻ പഞ്ചായത്ത് തലത്തിലുള്ള എഡിഷനും വരുന്ന വിധത്തിൽ പ്രാദേശിക പത്രപ്രവർത്തകർ ഇന്ന് നമ്മുടെ സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായി മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് സൂചിപ്പിച്ചപോലെ അത്തരം ചില ക്ഷേമനിധികളിൽ ഇവരെ അംഗങ്ങളാക്കാൻ സാങ്കേതികമായ തടസ്സങ്ങൾ ബന്ധപ്പെട്ടവർ ഉന്നയിക്കുകയാണ്. അദ്ദേഹം ഉന്നയിച്ചത് ശരിയാണെങ്കിലും ആ നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നിരവധി സാങ്കേതിക തടസ്സങ്ങൾ ഇതിലുണ്ട്. ഞാൻ ചുരുക്കുകയാണ്, സംസാരിക്കാൻ ഏറെക്കാര്യങ്ങളുള്ളതുകൊണ്ട് കൂടുതൽ വിശദമായ ചർച്ചകൾക്കുവേണ്ടി ഇതു മാറ്റി വയ്ക്കുകയാണ്. പ്രാദേശിക പത്രപ്രവർത്തക ബിൽ യാഥാർത്ഥ്യമാക്കാൻ സർക്കാർ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തുടർ ചർച്ചകളാവശ്യമാണ് എന്നറിയിക്കുകയാണ്.

(ബിൽ തുടർചർച്ചയ്ക്കായി മാറ്റി വച്ചു)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ..... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച് രാവിലെ 8.30 ന് വീണ്ടുംസമ്മേളിക്കുന്നതുമാണ്.

(മാർച്ച് മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 12.30 ന് പിരിഞ്ഞു)

******